2023
MAY
11
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES

# കെഎസ്ആർടിസി മൂന്ന് സ്വതന്ത്ര കോർപറേഷനായി വിഭജിക്കും

- തമിഴ്നാട് മാതൃകയിലാണ് കോർപറേഷനുകളുടെ വിഭജനം
- നടപ്പാക്കുന്നത് ജൂണിൽ

**തിരുവനന്തപുരം:** കെഎസ്ആർടിസിയെ 3 സ്വതന്ത്ര കോർപറേഷനായി വിഭജിക്കാൻ ഗതാഗതവകുപ്പ് തീരുമാനിച്ചു. ജൂണിൽ ഇതു നടപ്പാകും. നാലോ അഞ്ചോ ജില്ലകൾ ചേർത്താണ് ഓരോ കോർപറേഷനും രൂപീകരിക്കുക. ഓരോ കോർപറേഷനും പുതിയ പേരുകളും നൽകും. തമിഴ്നാട് മാതൃകയിലാണ് കോർപറേഷനുകളുടെ വിഭജനം. തമിഴ്നാട്ടിലെ പൊതുഗതാഗത സംവിധാനത്തെക്കുറിച്ച് പഠിക്കാൻ ഗതാഗത സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം 2 തവണ ചെന്നൈയിൽ പോയിരുന്നു. തമിഴ്നാട്ടിൽ 8 കോർപറേഷനുകളാണ്.



ജീവനക്കാരുടെ സ്ഥലം മാറ്റവും വരുമാനവും ഉൾപ്പെടെ എല്ലാം അതതു കോർപറേഷനുകളാണു തീരുമാനിക്കുക. കോർപറേഷന്റെ പരിധിക്കുള്ളിൽ മാത്രമാകും സ്ഥലംമാറ്റം. ബസുകളും ഡിപ്പോകളും വീതിച്ചു നൽകും. ദീർഘദൂര സർവീസുകൾ ഈ കോർപറേഷനുകളിൽപെടില്ല. ദീർഘദൂര സർവീസുകൾ സ്വിഫ്റ്റ് വഴിയാണ് നടത്തുക. ജൂണിൽ കെഎഎസ് ഉദ്യോഗസ്ഥർ വരുന്നതോടെ ഇവർക്ക് ഓരോ കോർപറേഷനിലെയും ഭരണവിഭാഗത്തിന്റെ ചുമതല നൽകും. ഓരോ കോർപറേഷനും ലാഭത്തിലാക്കാൻ കഴിയുന്ന പരിഷ്കാരങ്ങൾ അവർക്ക് വരുത്താം.

നേരത്തേ സർവീസുകളുടെ ഓപ്പറേഷനുവേണ്ടി 4 സോണുകളായി തിരിച്ചിരുന്നെങ്കിലും പുതിയ കോർപറേഷനുകൾ രൂപീകരിക്കുന്നതോടെ സോണുകൾ ഇല്ലാതാകും. സർവീസുകൾ കാര്യക്ഷമമാക്കുന്നതിനും ലാഭകരമാക്കുന്നതിനും സർവീസ് മുടങ്ങാതെ നടക്കുന്നതിനും വികേന്ദ്രീകരണം ഗുണം ചെയ്യുമെന്നാണ് ഗതാഗതവകുപ്പിന്റെ വിലയിരുത്തൽ. കെഎസ്ആർടിസിയെ വിഭജിക്കുന്നതോടെ ജീവനക്കാരുടെ സംഘടനകളുടെ ശക്തിചോരും. ഓരോ കോർപറേഷനിലും റഫറണ്ടം ( ഹിതപരിശോധന ) നടത്തി അംഗീകൃത യൂണിയനുകളെ തീരുമാനിക്കും.



## പാക്കിസ്ഥാനിൽ അഴിഞ്ഞാടി ഇമ്രാൻ അനുകൂലികൾ, കലാപം തുടരുന്നു; സൈന്യം രംഗത്ത്

**ഇസ്‌ലാമാബാദ്:** മുൻ പ്രധാനമന്ത്രി ഇമ്രാൻ ഖാന്റെ അറസ്റ്റിനു പിന്നാലെ പാക്കിസ്ഥാനിൽ ഉടലെടുത്ത കലാപം തുടരുന്നു. ഇതേത്തുടർന്ന് പ്രധാന നഗരങ്ങളിൽ സൈന്യമിറങ്ങി. അക്രമം നടത്തുന്നവർക്കെതിരെ തീവ്രവാദക്കുറ്റം ചുമത്തുമെന്ന് പ്രധാനമന്ത്രി ഷഹബാസ് ഷരീഫ് മുന്നറിയിപ്പ് നൽകി. ഇമ്രാൻ ഖാന്റെ പാർട്ടിക്കെതിരെ സൈന്യവും രംഗത്തെത്തി.

ഇമ്രാന്റെ അറസ്റ്റിനു പിന്നാലെ തുടർച്ചയായ രണ്ടാം ദിവസവും പാക്കിസ്ഥാൻ കത്തുകയാണ്. തലസ്ഥാനമായ ഇസ്‌ലാമാബാദിലും ലഹോറിലും റാവൽപിണ്ടിയിലും അടക്കം പ്രധാന നഗരങ്ങളിലെല്ലാം ഇമ്രാൻ അനുകൂലികൾ അഴിഞ്ഞാടി. ഇസ്‌ലാമാബദിൽ ഒരു പൊലീസ് സ്റ്റേഷനു തീയിട്ടു. ഒട്ടേറെ സർക്കാർ സ്ഥാപനങ്ങളും പൊലീസ് വാഹനങ്ങളും മാധ്യമ സ്ഥാപനങ്ങളും അഗ്നിക്കിരയാക്കി. കലാപം അമർച്ചചെയ്യാൻ ഇസ്‌ലാമാബാദിനു പുറമെ പഞ്ചാബ്, ഖൈബർ പഖ്തൂൻഖ്വ, ബലൂചിസ്താൻ പ്രവിശ്യകളിലും സൈന്യമിറങ്ങി.

അതിനിടെ, കലാപം നടത്തുന്നവർക്കെതിരെ താവ്രവാദ കുറ്റം ചുമത്തുമെന്ന് രാജ്യത്തെ അഭിസംബോധന ചെയ്ത് നടത്തിയ പ്രസംഗത്തിൽ പ്രധാനമന്ത്രി ഷെഹബാസ് ഷരീഫ് മുന്നറിയിപ്പ് നൽകി. ഇമ്രാൻ ഖാനെ അറസ്റ്റ് ചെയ്തത് നിയമപ്രകാരമാണ്. അൽ കാദിർ ട്രസ്റ്റ് കേസിൽ ഖാനെതിരെ തെളിവുകളുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അക്രമങ്ങളെ സൈന്യവും ശക്തമായ ഭാഷയിൽ അപലപിച്ചു. ചൊവ്വാഴ്ച പാക്കിസ്ഥാന്റെ ചരിത്രത്തിലെ കറുത്ത അധ്യായമാണെന്ന് സൈന്യത്തിന്റെ മാധ്യമ വിഭാഗം പ്രസ്താവനയിൽ പറഞ്ഞു. സൈന്യത്തിനെതിരെ പാക്കിസ്ഥാൻ തെഹ്‌രിക് ഇ ഇൻസാഫ് നേതാക്കൾ തെറ്റായ പ്രചാരണം നടത്തുകയാണ്. ഇമ്രാൻ ഖാന്റെ അറസ്റ്റിൽ സൈന്യത്തിന് യാതൊരു പങ്കുമില്ലെന്നും സൈന്യം വ്യക്തമാക്കി.

അൽ കാദിർ ട്രസ്റ്റ് കേസിൽ ഇന്നലെ കോടതിയിൽ ഹാജരാക്കിയ ഇമ്രാൻ ഖാനെ എട്ടു ദിവസത്തേക്ക് നാഷനൽ അക്കൗണ്ടബിലിറ്റി ബ്യൂറോയുടെ കസ്റ്റഡിയിൽ വിട്ടു. തോഷഖാന കേസിലും ഇമ്രാൻ ഖാനെതിരെ കോടതി കുറ്റം ചുമത്തി.

## ഭാരത് ഇ മാർട്ട്: ഡെലിവറി തപാൽ വകുപ്പിന്

**ന്യൂഡൽഹി:** രാജ്യത്തെ വ്യാപാര സംഘടനകളുടെ കൂട്ടായ്മയായ കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സ് തുടക്കം കുറിക്കുന്ന (സിഎഐടി) ഭാരത് ഇ മാർട്ട് എന്ന ഇ കൊമേഴ്സ് സേവനത്തിലെ ഡെലിവറി ഇന്ത്യൻ തപാൽവകുപ്പ് (ഇന്ത്യ പോസ്റ്റ്) വഴിയായിരിക്കും. ഇതുസംബന്ധിച്ച് സിഎഐടിയും തപാൽവകുപ്പും തമ്മിൽ ധാരണാപത്രം കൈമാറി.

ഭാരത് ഇ മാർട്ട് ഈ മാസം അവസാനം പ്രവർത്തനമാരംഭിക്കും. ആമസോൺ, ഫ്ലിപ്കാർട്ട് പോലെയുള്ള കമ്പനികളുടെ ഭീഷണി മറികടക്കാനാണ് സ്വന്തം സംരംഭം. ഒരു ലക്ഷത്തോളം വ്യാപാരികളും അൻപതോളം കമ്പനികളും ഭാരത് ഇ മാർട്ടിൽ ഇതിനകം റജിസ്റ്റർ ചെയ്തുകഴിഞ്ഞു. രണ്ടര ലക്ഷത്തോളം വ്യാപാരികൾ ഇതിന്റെ ഭാഗമാകുമെന്നാണ് കണക്കുകൂട്ടൽ.



## ഇന്റർവ്യൂ 25ന്

**തൃശ്ശൂർ:** ഗവ. മെഡിക്കൽ കോളേജിൽ ഇസിജി ടെക്നീഷ്യൻ ദിവസ വേതന അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള എഴുത്തു പരീക്ഷ / കൂടിക്കാഴ്ച്ച മെയ് 25ന് കാലത്ത് 10 മണിക്ക് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ നടക്കും.

90 ദിവസത്തേക്കാണ് നിയമനം. യോഗ്യത : പ്ലസ്ടു /വി എച്ച് എസ് സി തത്തുല്യം, ഡിപ്ലോമ ഇൻ കാർഡിയോ വാസ്കുലർ ടെക്നോളജി, മെഡിക്കൽ എഡ്യുക്കേഷൻ സർവീസുകൾ / ആരോഗ്യ സർവീസുകൾ / ഇൻഷ്വറൻസ് മെഡിക്കൽ സർവീസുകൾ/കേന്ദ്ര സംസ്ഥാന സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കീഴിലുള്ള ആശുപത്രികളിൽ ഇസിജി / ടി എം ടി ടെക്നീഷ്യൻ ആയി മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം.

താത്പര്യമുള്ള 18 36 ന് ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുമായി ഇന്റർവ്യൂവിന് ഹാജരാകണം. പ്രവൃത്തി പരിചയം ഉള്ളവർക്ക് മുൻഗണന. ഫോൺ 0487 2200310, 0487 2200319.

## ഫിസിയോ തെറാപ്പിസ്റ്റ് ഒഴിവുകളിലേക്ക് അഭിമുഖം

**തൃശ്ശൂർ:** ഗവ.ആയുർവേദ/ഹോമിയോ ആശുപത്രികളിലേക്കും മറ്റ് പദ്ധതികളിലേക്കുമായി ആയുഷ് മിഷൻ ഫിസിയോ തെറാപ്പിസ്റ്റ് തസ്തികയിൽ ഒഴിവുകൾ. കരാർ അടിസ്ഥാനത്തിലാണ് നിയമനം. അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

ഫിസിയോ തെറാപ്പിയിൽ അംഗീകൃത സർവ്വകലാശാല ബിരുദമോ ബിരുദാനന്തര ബിരുദമോ ആണ് വിദ്യാഭ്യാസ യോഗ്യത. പ്രതിമാസ വേതനം 21,000 രൂപയാണ് പ്രതിമാസ ശമ്പളം. ഉയർന്ന പ്രായപരിധി 40 വയസ്സ്.

യോഗ്യരായവർ ബയോഡാറ്റയും സ്വയം സാക്ഷ്യപ്പെടുത്തിയ അസ്സൽ സർട്ടിഫിക്കറ്റുകളുടെ കോപ്പികളും സഹിതം തൃശൂർ രാമവർമ്മ ജില്ലാ ആയുർവേദ ആശുപത്രിയിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ ജില്ലാ ഓഫീസിൽ ഈ മാസം 16ന് രാവിലെ 9 മണിക്ക് എത്തിച്ചേരണം.

## കേരള വനഗവേഷണ സ്ഥാപനത്തിൽ ഒഴിവ്

**തൃശ്ശൂർ:** കേരള വന ഗവേഷണ സ്ഥാപനത്തിൽ താൽക്കാലിക ഒഴിവ്. മുള,കരകൗശല വസ്തുക്കളിൽ നഴ്സറി പരിപാലനം, മുതലായവയിൽ വൈദഗ്ധ്യം നേടിയവർക്കാണ് അവസരം. വിദ്യാഭ്യാസ യോഗ്യത കുറഞ്ഞത് നാലാം ക്ലാസ്സ്.

പാലപ്പാവ്, വേമണി ഇടുക്കി ജില്ലയിലെ ആദിവാസി സമൂഹത്തിൽ നിന്ന് വരുന്നവർക്ക് മുനഗണന. കാലാവധി 3 വർഷം. ഫെല്ലോഷിപ്പ് പ്രതിമാസം 15000 രൂപ. 2023 ജനുവരി 1ന് 60 വയസ്സ് കവിയരുത്.

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് ഈ മാസം 19ന് രാവിലെ 10 മണിക്ക് ഉണർവ് പട്ടികവർഗ സഹകരണ സംഘം, പാലപ്പാവ്, വെൺമണി, ഇടുക്കി ജില്ല ഓഫീസിൽ നടത്തുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാം



# ആലപ്പുഴ ബൈപാസ്: ഭീഷണിയായി വെള്ളക്കെട്ട്

**ആലപ്പുഴ:** ബൈപാസിൽ യാത്രക്കാർക്ക് ഭീഷണി ഉയർത്തി വെള്ളക്കെട്ടുകൾ. മാളികമുക്ക് മുതൽ കുതിരപ്പന്തി വരെയുള്ള ബൈപാസിന്റെ കിഴക്ക് വശത്താണ് അപകട ഭീഷണി ഉയർത്തി ഒട്ടേറെ സ്ഥലത്ത് വെള്ളക്കെട്ടുകൾ രൂപപ്പെട്ടിരിക്കുന്നത്. തിങ്കളാഴ്ച രാത്രി പെയ്ത മഴയെ തുടർന്നാണ് വെള്ളക്കെട്ട് രൂപപ്പെട്ടത്. വെള്ളം ഒഴുകിപ്പോകാൻ സ്ഥാപിച്ചിരുന്ന ഓവുചാലുകൾ പലതും മണ്ണും മാലിന്യങ്ങളും നിറഞ്ഞ് അടഞ്ഞതാണ് വെള്ളക്കെട്ട് ഉണ്ടാകാനുള്ള പ്രധാന കാരണം. വെള്ളവും ചെളിയും നിറഞ്ഞ ഭാഗത്ത് ഇരുചക്ര വാഹനം നിയന്ത്രണംവിട്ട് മറിയാനുള്ള സാധ്യത വളരെ കൂടുതലാണ്.

കഴിഞ്ഞ ഏപ്രിലിൽ ബൈപാസിൽ ഇരുചക്ര വാഹനം വെള്ളക്കെട്ടിൽ കയറി നിയന്ത്രണംവിട്ട് മറിഞ്ഞ് മെഡിക്കൽ വിദ്യാർഥിനി മരിച്ചിരുന്നു. കൂടാതെ അമിത വേഗത്തിൽ വരുന്ന വാഹനങ്ങൾ വെള്ളത്തിലൂടെ പോകുമ്പോൾ എതിരെ വരുന്ന വാഹനത്തിന്റെ മുൻവശത്തെ ഗ്ലാസിൽ ചെളിവെള്ളം തെറിച്ച് കാഴ്ച മങ്ങി അപകടത്തിൽ പെടാനുള്ള സാധ്യതയുമുണ്ട്. ബൈപാസിലേക്ക് വളർന്ന് നിൽക്കുന്ന മരച്ചില്ലകളും യാത്രക്കാർക്ക് ഭീഷണി സൃഷ്ടിക്കുന്നുണ്ട്. കൊമ്മാടി ടോൾ പ്ലാസ മുതൽ കുതിരപ്പന്തി വരെയുള്ള ഭാഗത്ത് വൃക്ഷങ്ങളുടെ ചില്ലയും തെങ്ങിന്റെ ഓലയും വളർന്ന് ബൈപാസിലേക്ക് ചാഞ്ഞു നിൽക്കുകയാണ്.

# വൈദ്യുതി കുടിശിക; കെഎസ്ഇബിക്ക് കിട്ടാനുള്ളത് 3260.09 കോടി

**ആലപ്പുഴ:** ആറു മാസത്തിനുള്ളിൽ കെഎസ്ഇബിക്കു പിരിഞ്ഞു കിട്ടാനുള്ള തുകയിൽ 280 കോടി രൂപയുടെ വർധന. ഇതോടെ മാർച്ച് 31 വരെ വിവിധ വിഭാഗങ്ങളിൽ നിന്നായി പിരിഞ്ഞുകിട്ടാനുള്ള വൈദ്യുതിചാർജ് 3260.09 കോടിയായി. 2022 സെപ്റ്റംബർ 31 വരെ 2981.16 കോടിയായിരുന്നു പിരിഞ്ഞുകിട്ടാനുള്ളത്. 2022 മാർച്ച് മുതൽ സെപ്റ്റംബർ വരെ 192.27 കോടിയുടെ വർധനയാണ് ഉണ്ടായത്. ലോ ടെൻഷൻ ഉപയോക്താക്കളിൽ നിന്ന് 1064 കോടി രൂപയും ഹൈ ടെൻഷൻ ഉപയോക്താക്കളിൽ നിന്ന് 2195.44 കോടി രൂപയുമാണു പിരിച്ചെടുക്കാനുള്ളത്.

സംസ്ഥാന സർക്കാരിനു കീഴിലെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ഏറ്റവും കൂടുതൽ തുക നൽകാനുള്ളത്. 1646.08 കോടി രൂപ. 6 മാസം മുൻപു 1319.78 കോടി രൂപയായിരുന്നു. ജല അതോറിറ്റി 1472 കോടി രൂപയാണു കെഎസ്ഇബിക്കു നൽകാനുള്ളത്.മധ്യപ്രദേശ് 1.23കോടി, ആന്ധ്രപ്രദേശ് 90.39 ലക്ഷം, തമിഴ്നാട് 45.79 ലക്ഷം, ഛത്തീസ്ഗഢ് 8.09 ലക്ഷം എന്നിങ്ങനെയും കെഎസ്ഇബിക്കു നൽകാനുണ്ട്.സ്വകാര്യ സ്ഥാപനങ്ങൾ നൽകാനുള്ള തുക 962.65 കോടി രൂപയായി കുറച്ചു. സെപ്റ്റംബറിൽ 1006.38 കോടിയായിരുന്നു ലഭിക്കാനുള്ളത്.

സംസ്ഥാന സർക്കാരിനു കീഴിലെ വിവിധ വകുപ്പുകൾ 135.61 കോടി രൂപയും ഗാർഹിക ഉപയോക്താക്കൾ 272.87 കോടി രൂപയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ 94.15 കോടി രൂപയും നൽകാനുണ്ട്. ആകെ ലഭിക്കാനുള്ള തുകയിൽ 2851.39 കോടി രൂപയിലും തർക്കം നിലനിൽക്കുന്നുണ്ട്.

ഇതിൽ നല്ലൊരു പങ്കും വർഷങ്ങളായി നിയമനടപടികളിൽ കുരുങ്ങിക്കിടക്കുന്നവയാണ്. എന്നാൽ സ്വകാര്യ സ്ഥാപനങ്ങളിൽ 723.56 കോടി രൂപയും കേസിൽ ഉൾപ്പെട്ടവയല്ല. ഗാർഹിക ഉപയോക്താക്കൾ നൽകാനുള്ളതിൽ 265.64 കോടിയിലും നിയമ തടസ്സങ്ങളില്ല.

## പ്രവാസി പുനരധിവാസ വായ്പാപദ്ധതി

**തിരുവനന്തപുരം:** കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നോർക്ക റൂട്ട്സുമായി ചേർന്ന് നടപ്പിലാക്കുന്ന സ്വയം തൊഴിൽ വായ്പാ പദ്ധതിയായ പ്രവാസി പുനരധിവാസ വായ്പാ പദ്ധതിയ്ക്കു കീഴിൽ വായ്പ അനുവദിയ്ക്കുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സംരംഭകത്വ ഗുണമുള്ള യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ പട്ടികവിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരും, 18 നും 55 നും മദ്ധ്യേ പ്രായമുള്ളവരുമായിരിക്കണം. ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് പരമാവധി 20 ലക്ഷം രൂപ വരെ ഈ വായ്പ അനുവദിക്കുന്നത്. നൽകുന്ന വായ്പയുടെ 15% ബാക്ക് എന്റഡ് സബ്സിഡി ആയും, തിരിച്ചടവ് വീഴ്ച കൂടാതെ നടത്തുന്ന സംരംഭ കർക്ക് ആദ്യത്തെ നാല് വർഷ കാലത്തേക്ക് മൂന്ന് ശതമാനം പലിശ സബ്സിഡിയായും നോർക്ക റൂട്ട്സ് അനുവദിക്കാം. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനമനുസരിച്ചാണ് വായ്പകൾ നൽകുക. 3.50 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള അപേക്ഷകർക്ക് 5 ലക്ഷം രൂപയും, അതിനു മുകളിൽ 10 ലക്ഷം രൂപ വരെ വരുമാനമുള്ള അപേക്ഷകർക്ക് 10 ലക്ഷം രൂപയും, 10 മുതൽ 15 ലക്ഷം രൂപ വരെ വരുമാനമുള്ള അപേക്ഷകർക്ക് 20 ലക്ഷം രൂപയുമാണ് പരമാവധി വായ്പ നൽകുക. കൃത്യമായി തവണ സംഖ്യകൾ തിരിച്ചടക്കുന്നവർക്ക്, നോർക്ക സബ്സിഡി പരിഗണിക്കുമ്പോൾ വായ്പയുടെ പലിശ നിരക്ക് നാല് ശതമാനം മുതൽ ആറ് ശതമാനം വരെയും, തിരിച്ചടവ് കാലയളവ് 5 വർഷവുമാണ്. തെരഞ്ഞെടുക്കപ്പെടുന്നവർ ഈടായി കോർപ്പറേഷന്റെ നിബന്ധനകൾക്കനുസരിച്ച് ആവശ്യമായ ഉദ്യോഗസ്ഥ ജാമ്യമോ, വസ്തു ജാമ്യമോ ഹാജരാക്കണം.

താൽപ്പര്യമുള്ള അപേക്ഷകർ അപേക്ഷ ഫോറത്തിനും കൂടുതൽ വിവരങ്ങൾക്കുമായി കോർപ്പറേഷന്റെ ബന്ധപ്പെട്ട ജില്ലാ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതും നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. അപേക്ഷയും അനുബന്ധ രേഖകളും നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റ് വഴി ഓൺലൈനായി സമർപ്പിച്ച് അപേക്ഷകർ രജിസ്ട്രേഷൻ നടത്തേണ്ടതിനാൽ ജില്ലാ ഓഫീസിൽ നിന്നും പിന്നീട് ആവശ്യപ്പെടുന്ന മുറയ്ക്ക് മറ്റു വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. നോർക്കാ റൂട്ട്സിന്റെ പരിശോധനക്കു ശേഷമായിരിക്കും കോർപ്പറേഷൻ തുടർന്ന് വായ്പക്കായി പരിഗണിക്കുക.

## താത്കാലിക നിയമനം

**പാറശ്ശാല:** താലൂക്ക് ആസ്ഥാന ആശുപത്രിയിൽ എച്ച്.എം.സി മുഖാന്തിരം ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലേക്ക് യോഗ്യരായ ഉദ്യോഗാർഥികളിൽ നിന്നും താത്കാലിക നിയമനത്തിന് അപേക്ഷകൾ ക്ഷണിച്ചു. പ്ലസ് ടു സയൻസ്ബയോളജി/കണക്ക്, കേരള സർക്കാർ അംഗീകരിച്ച ഏതെങ്കിലും മെഡിക്കൽകോളേജിൽ നിന്നും ഒഫ്താൽമിക് അസിസ്റ്റന്റ് കോഴ്സ് അല്ലെങ്കിൽ ബി.എസ്സി ഒപ്റ്റോമെട്രി കോഴ്സ് പാസ് എന്നിവയാണ് യോഗ്യത. അപേക്ഷകൾ മേയ് 19ന് വൈകീട്ട് 5ന് മുമ്പായി സമർപ്പിക്കണം.

# അപ്പർകുട്ടനാട്ടിൽ രണ്ടാംകൃഷിയിറക്കുന്നു

**ഹരിപ്പാട് :** കൃഷിദർശൻ പരിപാടിയിലെ പ്രചോദനം ഉൾക്കൊണ്ട് അപ്പർകുട്ടനാട് പാടശേഖരങ്ങളിൽ കർഷകർ രണ്ടാംകൃഷി ഇറക്കുന്നു. സാധാരണ അപ്പർകുട്ടനാട്ട് മേഖലയിൽ രണ്ടാംകൃഷി ചെയ്യാറില്ല. മതിയായ ബണ്ടുകൾ ഇല്ലാത്തതിനാൽ കാലവർഷത്തിൽ പാടശേഖരങ്ങളിൽ വെള്ളം കയറുന്നതിനാൽ കൃഷിനശിക്കാനുള്ള സാധ്യതയാണ് രണ്ടാം കൃഷി ഉപേക്ഷിക്കാൻ കർഷകരെ പ്രേരിപ്പിക്കുന്നത്. കാർഷികമേഖലയിൽ പുത്തൻ ഉണർവു നൽകാൻ ഹരിപ്പാട്ട് നടന്ന കൃഷിദർശൻ പരിപാടിക്കു കഴിഞ്ഞു. മന്ത്രി പി. പ്രസാദും രമേശ് ചെന്നിത്തല എംഎൽഎയും കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥ സംഘവും നടത്തിയ കൃഷിയിട സന്ദർശനം, കർഷക അദാലത്ത്, കൃഷിക്കൂട്ട സംഗമം എന്നിവ കർഷകരുടെ ആശങ്കകൾക്ക് പരിഹാരം കാണാനും കൃഷിയോട് കൂടുതൽ അടുപ്പിക്കാനും കാരണമായി.



കാർഷിക മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാമെന്ന മന്ത്രിയുടെയും എംഎൽഎയുടെയും ഉറപ്പ് കർഷകരിൽ ആത്മവിശ്വാസം വർധിപ്പിച്ചിരിക്കുകയാണ്. വീയപുരം കൃഷി ഭവനിലെ അച്ചനാരി മടയനാരി പാടശേഖരത്തിലും ചെറുതന കൃഷി ഭവനിലെ ഒറ്റവേലി പാടശേഖരത്തിലുമാണ് രണ്ടാം കൃഷി ആരംഭിച്ചത്. ഒറ്റവേലി പാടശേഖരത്തിൽ രണ്ടാഴ്ചയിലേറെയായി വിത കഴിഞ്ഞിട്ട്. ആദ്യമായിട്ടാണ് പാടശേഖരത്തിൽ രണ്ടാം കൃഷി ചെയ്യുന്നത്. കാലവർഷത്തിൽ പാടശേഖരത്തിൽ വെള്ളം കയറി കൃഷി നശിക്കുന്നതിനാലാണ് കർഷകർ രണ്ടാം കൃഷി ഉപേക്ഷിച്ചിരുന്നത്. 30 ഏക്കർ വിസ്തൃതിയുള്ള ഒറ്റവേലി പാടശേഖരത്തിന്റെ മൂന്നു വശം ബണ്ടും ഒരു ഭാഗം റോഡുമാണ്.

ബണ്ടിന്റെ 70 ശതമാനത്തോളം ഭാഗത്ത് കൽക്കെട്ടുണ്ട്. സാധാരണ വെള്ളപ്പൊക്കത്തിൽ പാടശേഖരത്തിലേക്ക് വെള്ളം കയറാനുള്ള സാധ്യത കുറവായതിനാലാണ് കർഷകർ രണ്ടാം കൃഷിക്ക് തയാറായത്. ബണ്ട് കവിഞ്ഞ് വെള്ളം വരാനുള്ള സാധ്യതയുണ്ടായാൽ മണൽ ചാക്കുകൾ അടുക്കി വെള്ളപ്പൊക്കത്തെ പ്രതിരോധിക്കാനുള്ള തയാറെടുപ്പുകളും നടക്കുന്നുണ്ട്. ചെറുതന പഞ്ചായത്ത് തൊഴിലുറപ്പിൽ ഉൾപ്പെടുത്തി മണൽചാക്ക് അടുക്കുന്ന പ്രവൃത്തി ചെയ്യാമെന്ന് സമ്മതിച്ചതായി പാടശേഖരസമിതി പ്രസിഡന്റ് ആയാപറമ്പ് രാമചന്ദ്രൻ പറഞ്ഞു. ഉയരമുള്ള ബണ്ടും മോട്ടർ തറയും അനുവദിച്ചു തന്നാൽ എല്ലാ വർഷവും രണ്ടാം കൃഷി ചെയ്യാൻ തയാറാണെന്നു കൃഷിദർശൻ പരിപാടിയിൽ മന്ത്രിയെ അറിയിച്ചതായും അനുകൂല തീരുമാനമുണ്ടാകുമെന്നുള്ള വിശ്വാസത്തിലാണ് കർഷകരെന്നും ആയാപറമ്പ് രാമചന്ദ്രൻ പറഞ്ഞു.

വീയപുരം അച്ചനാരി മടയനാരി പാടശേഖരത്തിൽ രണ്ടാം കൃഷിയിറക്കിയിട്ട് 15 ദിവസമായി. നാലു വശവും റോഡുള്ള പാടശേഖരമാണിത്. എന്നാലും വർഷങ്ങൾക്കു മുൻപ് റോഡിനു മുകളിലൂടെ വെള്ളം കയറി രണ്ടാം കൃഷി നശിച്ചിരുന്നു. കൊയ്യാൻ ദിവസങ്ങൾ ബാക്കിനിൽക്കെയാണ് നെല്ല് നശിച്ചത്. ഇതോടെ കർഷകർ രണ്ടാം കൃഷിയിൽ നിന്നു പിന്തിരിയുകയായിരുന്നു. ഇപ്പോൾ റോഡിനു മുകളിലൂടെ വെള്ളം കയറിയാൽ പ്രതിരോധിക്കാൻ ചെളി കർഷകർ സംഭരിച്ചു വയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി പാടശേഖര സമിതി സെക്രട്ടറി കെ.എം. നിസാർ പറഞ്ഞു.

ഇതു മൂലം സാധാരണയുണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ നിന്നു കൃഷിയെ രക്ഷിക്കാൻ കഴിയുമെന്ന് കർഷകർ പറഞ്ഞു. 275 ഏക്കറോളം വിസ്തൃതിയുള്ള പാടശേഖരത്തിൽ 175 കർഷകരാണ് കൃഷി ചെയ്യുന്നത്. മന്ത്രി പി. പ്രസാദ് കൃഷിയിടങ്ങൾ സന്ദർശിച്ചപ്പോൾ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമെന്നു അറിയിച്ചിരുന്നതായി കർഷകർ പറഞ്ഞു. കൃഷിദർശനു ശേഷം അപ്പർകുട്ടനാട്ടിൽ കൂടുതൽ പാടശേഖരങ്ങൾ രണ്ടാം കൃഷി ചെയ്യുന്നതിനുള്ള താൽപര്യം പ്രകടിപ്പിച്ചതായി കൃഷി വകുപ്പ് അധികൃതർ പറഞ്ഞു.

## റവന്യൂ ഇസാക്ഷരതാ പദ്ധതി സമഗ്രമായി നടപ്പാക്കും: മന്ത്രി കെ രാജൻ

**തിരുവനന്തപുരം:** റവന്യൂ സേവനങ്ങൾ ജനങ്ങൾക്ക് സ്വന്തം ഡിജിറ്റൽ ഉപകരണങ്ങൾ മുഖേന നേരിട്ട് ലഭ്യമാകുന്നതിന് അവരെ പ്രാപ്തരാക്കുന്ന വിധം സമഗ്രമായ റവന്യൂ ഇ സാക്ഷരതാ പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി കെ രാജൻ പറഞ്ഞു.
സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐഎൽഡിഎം) കാമ്പസിൽ പണികഴിപ്പിച്ച ഓപ്പൺ എയർ ഓഡിറ്റോറിയം ഉദ്ഘാടനവും റവന്യൂ ഇ സാക്ഷരതാ പദ്ധതി പ്രഖ്യാപനവും ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ 94 ലക്ഷം കുടുംബങ്ങളിൽ ഓരോ കുടുംബത്തിലും കുറഞ്ഞത് ഒരാളെ വീതം റവന്യൂ സേവനങ്ങൾ ആവശ്യമാകുന്ന ഘട്ടങ്ങളിൽ നേരിട്ട് ഓൺ ലൈനായി പ്രാപ്തമാക്കാൻ കഴിയുന്ന വിധം ബഹുജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കും.

ഇതിനായി വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ പൂർത്തിയാക്കി കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് റവന്യൂ ഇസാക്ഷരത പദ്ധതിക്ക് തുടക്കം കുറിക്കുമെന്ന് മന്ത്രി അറിയിച്ചു. ചടങ്ങിൽ വി.കെ പ്രശാന്ത് എം എ എൽ എ അധ്യക്ഷനായിരുന്നു. മുൻ ലാൻഡ് റവന്യൂ കമ്മീഷണർ ജെ സുധാകരൻ, ഐ എൽ ഡി എം. ഡയറക്ടർ ഡോ. സജിത് ബാബു എന്നിവർ സംസാരിച്ചു.

റവന്യൂ വകുപ്പ് പ്രസിദ്ധീകരണമായ റവന്യൂ ഭൂമിക മാസികയുടെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് റവന്യൂ ജീവനക്കാരുടെ കുട്ടികൾക്കായി നടത്തിയ ചിത്ര പ്രദർശനത്തിൽ പങ്കെടുത്ത വിദ്യാർഥികൾക്ക് ചടങ്ങിൽ സർട്ടിഫിക്കറ്റും മെമന്റോയും വിതരണം ചെയ്തു.

# നെൽവിത്ത് വില 4 രൂപ വർധിപ്പിച്ച് നാഷനൽ സീഡ്സ് കോർപറേഷൻ

**കുമരകം :**നെൽവിത്തു വില നാഷനൽ സീഡ്സ് കോർപറേഷൻ ഒറ്റയടിക്കു 4 രൂപ വർധിപ്പിച്ചു. കഴിഞ്ഞ വർഷം കിലോയ്ക്കു 39 രൂപയ്ക്കു നൽകിയ വിത്ത് ഇനി 43 രൂപയ്ക്കാണു നൽകുന്നത്. വർധിപ്പിച്ച വില വിരിപ്പുകൃഷി മുതൽ ഈടാക്കിത്തുടങ്ങും. നേരത്തെ 42 രൂപയായി വില വർധിപ്പിച്ചപ്പോൾ കർഷകരുടെ പ്രതിഷേധത്തെത്തുടർന്നു 39 രൂപയാക്കിയത്. കർഷകരിൽ നിന്നാണു വിത്തിനായി നെല്ല് സംഭരിക്കുന്നത്.

ഈ നെല്ല് ഗോഡൗണിൽ ശാസ്ത്രീയമായി സൂക്ഷിച്ചാണു നെൽവിത്താക്കുന്നത്. കർഷകരിൽ നിന്നു നെല്ല് ശേഖരിക്കുന്നതു മുതൽ വിറ്റഴിക്കുന്നതു വരെയുള്ള ചെലവ് സഹിതമാണു വിത്തിന്റെ വില കോർപറേഷൻ ഈടാക്കുന്നത്. ഒരു ഏക്കർ പാടശേഖരം വിതയ്ക്കാൻ 40 കിലോ വിത്താണു കൃഷിഭവൻ നിർദേശിക്കുന്നത്. 43 രൂപ തോതിൽ ഒരു ഏക്കർ വിതയ്ക്കാൻ 1720 രൂപയുടെ വിത്ത് വേണം. കർഷകർക്കു സബ്സിഡി നൽകുന്നതിനാൽ കിലോയ്ക്ക് 21.50 രൂപ നൽകിയാൽ മതിയാകും.



നേരത്തെ 19.50 രൂപ നൽകിയാൽ മതിയായിരുന്നു. കൂടുതൽ വിത്തു വേണമെങ്കിൽ സബ്സിഡി ഇല്ലാതെ ഉള്ള 43 രൂപ കർഷകർ നൽകണം. കൃഷിഭവൻ സഹകരണ ബാങ്കുകൾ വഴിയാണു വിത്ത് ശേഖരിച്ചു കർഷകർക്കു സബ്സിഡി നിരക്കിൽ നൽകുന്നത്. ബാങ്കുകൾ നാഷനൽ സീഡ്സ് കോർപറേഷനിൽ 43 രൂപ കണക്കിൽ പണം അടച്ചാണു നെൽവിത്തു വാങ്ങുന്നത്. കർഷകരിൽ നിന്നു ബാങ്ക് സബ്സിഡി കഴിച്ചുള്ള തുകയാകും വാങ്ങുക.

ബാങ്കുകൾക്കു സബ്സിഡി തുക സർക്കാർ പിന്നീട് നൽകും. പാടശേഖര സമിതികൾ കോർപറേഷനിൽ നിന്നു നെൽവിത്ത് നേരിട്ടു വാങ്ങി കർഷകർക്കു നൽകാറുണ്ട്. പടിഞ്ഞാറൻ മേഖലയിൽ മാത്രം 650 ടൺ നെൽവിത്തു വേണ്ടി വരും. പുഞ്ചക്കൃഷിയുടെ നെല്ലിന്റെ വില പോലും കിട്ടാതെ വിഷമിക്കുന്ന കർഷകർക്കാണു വിരിപ്പു കൃഷി ഇറക്കുന്നതിനുള്ള നെൽവിത്തു കൂടിയ വില നൽകി വാങ്ങേണ്ടി വരുന്നത്.

കൃത്യസമയത്തു നെൽവിത്ത് കിട്ടാതെ വരുന്നതു പ്രശ്നമാകുന്നു. കഴിഞ്ഞ പുഞ്ചക്കൃഷിക്കു ബുക്ക് ചെയ്തിരുന്ന നെൽവിത്ത് കിട്ടാതെ വന്നതിനെത്തുടർന്നു കൃഷിയിറക്കുന്നതു വൈകി. നെൽവിത്തിനു വില വർധിപ്പിച്ച നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ടു കർഷകർ പ്രതിഷേധത്തിനൊരുങ്ങുന്നു.

# മാലിന്യമുക്ത കേരളം: പദ്ധതികൾക്ക് രൂപം നൽകി ചാലക്കുടി നഗരസഭ



**ചാലക്കുടി:** സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച മാലിന്യമുക്ത നവകേരളം പദ്ധതി നടപ്പിലാക്കുന്നതിന് സമഗ്രമായ മാലിന്യ നിർമാർജന ശുചീകരണ പ്രവർത്തനങ്ങൾക്ക് രൂപം നൽകാൻ നഗരസഭയിൽ ചേർന്ന സർവകക്ഷി യോഗം തീരുമാനിച്ചു. വിപുലമായ പ്രവർത്തനങ്ങൾക്കാണ് നഗരസഭ നടപ്പാക്കുകയെന്നു നഗരസഭാധ്യക്ഷൻ എബി ജോർജ് അറിയിച്ചു. ജൂൺ 5 നകം എല്ലാ വിദ്യാഭ്യാസ, സർക്കാർ സ്ഥാപനങ്ങളും ഓഫിസുകളും പരിസരങ്ങളും ശുചീകരിക്കും.

പ്രധാന വഴിയോരങ്ങളുടെയും തോടുകളുടെയും കാനകളുടെയും ആദ്യ ഘട്ടം ശുചീകരണം സമയബന്ധിതമായി പൂർത്തിയാക്കും. മാർക്കറ്റ്, പ്രധാന ജംക്ഷനുകൾ, മേൽപാലങ്ങളുടെ അടിഭാഗം ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളുടെ ശുചീകരണവും അടിയന്തരമായി പൂർത്തിയാക്കും. ദീർഘദൂര യാത്രക്കാർക്കു ശുചിമുറി സൗകര്യം ഒരുക്കാൻ പെട്രോൾ പമ്പുകൾക്ക് നിർദേശം നൽകും ഇൻഡോർ സ്റ്റേഡിയത്തിനു സമീപത്തെ ആധുനിക കംഫർട്ട് സ്റ്റേഷൻ നിർമാണം ഉടൻ ആരംഭിക്കും.

പാൻ മസാല ഉൾപ്പെടെയുള്ള നിരോധിത പുകയില ഉൽപന്നങ്ങളും നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങളും വിൽപന നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. ഗാർഹിക മാലിന്യ സംസ്കരണ യൂണിറ്റുകൾ മുഴുവൻ വീടുകളിലും എത്തിക്കാൻ നടപടി സ്വീകരിക്കും. 10 സ്ഥലങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചതിനു പുറമെ 10 പൊതു സ്ഥലങ്ങളിൽ കൂടി ക്യാമറ സ്ഥാപിക്കും.

വിദ്യാഭ്യാസ, സർക്കാർ സ്ഥാപനങ്ങളിലും മറ്റു സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനുള്ള ബിന്നുകൾ സ്ഥാപിക്കണമെന്നും ഇതു നഗരസഭ യഥാസമയം നീക്കം ചെയ്യാനും തീരുമാനിച്ചു. നഗരസഭാധ്യക്ഷൻ എബി ജോർജ് അധ്യക്ഷത വഹിച്ചു.

ഡിവൈഎസ്പി സി.ആർ. സന്തോഷ്, മുൻ എംഎൽഎ എ.കെ. ചന്ദ്രൻ, മുൻ നഗരസഭാധ്യക്ഷരായ സി.ജി.. ബാലചന്ദ്രൻ, ജോസ് പൈനാടത്ത്, വി.ഒ.പൈലപ്പൻ, മേരി നളൻ,തഹസിൽദാർ എൻ. അശോക്കുമാർ എൽഡിഎഫ് പാർലമെന്ററി പാർട്ടി ലീഡർ സി.എസ്.സുരേഷ് തുടങ്ങിയവർ പ്രസംഗിച്ചു.



# വിനോദ സഞ്ചാര മേഖലയിൽ ബോട്ടുകൾ നിശ്ചലമായി; ബോട്ട് സർവീസ് ഇനി പരിശോധനയ്ക്കു ശേഷം

**കോഴിക്കോട്:** വിനോദസഞ്ചാര മേഖലയിൽ ബോട്ടുകൾ നിശ്ചലമായി. താനൂർ അപകടത്തിന്റെ പശ്ചാത്തലത്തിലാണ് ഇനി അറിയിപ്പുണ്ടാവുന്നതു വരെ വിനോദസഞ്ചാര ബോട്ട് സർവീസുകൾ നിർത്തിവയ്ക്കണമെന്ന നിർദേശം നൽകിയത്. മലപ്പുറം, കോഴിക്കോട് ജില്ലകളിലാണ് നിരോധനം പ്രഖ്യാപിച്ചത്. തുടർന്ന് ഇന്നലെ ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലെല്ലാം ബോട്ട് സർവീസുകൾ നിർത്തിവച്ചു.

വിനോദസഞ്ചാര ബോട്ടുകളുടെ ലൈസൻസും ഫിറ്റ്നസ് സർട്ടിഫിക്കറ്റും രേഖാമൂലം സമർപ്പിച്ച് അപേക്ഷ നൽകുന്നവർക്ക് സർവീസ് നടത്താൻ അനുമതി നൽകുമെന്ന് ഡിസിപി കെ.ഇ.ബൈജു പറഞ്ഞു. ഇന്നലെ ജില്ലയിലെ സർവീസുകളൊന്നും നടന്നിട്ടില്ല. ജില്ലയിലെ എല്ലാ വിനോദസഞ്ചാര ബോട്ടുകളിലും പരിശോധന നടത്തുമെന്ന് കഴിഞ്ഞ ദിവസം ജില്ലാ ഭരണകൂടവും പ്രഖ്യാപിച്ചിട്ടുണ്ട്. രാത്രി 7നു ശേഷം അമിതമായി യാത്രക്കാരെ കയറ്റി നടത്തുന്ന ജങ്കാർ സർവീസുകളും പരിശോധിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്.

ടൂറിസ്റ്റ് തോണി സർവീസിന്റെ സുരക്ഷാ ക്രമീകരണങ്ങൾ പരിശോധിക്കാൻ കടലുണ്ടി കമ്യൂണിറ്റി റിസർവ് ഇക്കോടൂറിസം കേന്ദ്രത്തിൽ കലക്ടറുടെ മിന്നൽ സന്ദർശനം. വൈകിട്ട് 4ന് ആണു കലക്ടർ എ.ഗീത എത്തിയത്. താനൂർ ബോട്ട് ദുരന്തത്തിന്റെ പശ്ചാത്തലത്തിലായിരുന്നു പരിശോധന. റിസർവിൽ സർവീസ് നടത്തുന്ന തോണികളുടെ രേഖകൾ, ഇവിടത്തെ സുരക്ഷാ സംവിധാനങ്ങൾ എന്നിവ പരിശോധിച്ച കലക്ടർ നടത്തിപ്പ് സംബന്ധിച്ചു ഉദ്യോഗസ്ഥരോട് വിശദമായി ചോദിച്ചറിഞ്ഞു. വനംവകുപ്പിനു കീഴിൽ റിസർവ് മാനേജ്മെന്റ് കമ്മിറ്റി നടത്തുന്ന ഇക്കോ ടൂറിസം സെന്റർ കേന്ദ്രീകരിച്ച് 20 തോണികളാണു സർവീസ് നടത്തുന്നത്.

8 പേർ സഞ്ചരിക്കുന്ന ഇവയിൽ ആവശ്യമായ ലൈഫ് ജാക്കറ്റ്, ബോയ, ഇൻഷുറൻസ് എന്നിവയുണ്ടെന്നു ഉദ്യോഗസ്ഥർ കലക്ടറെ ബോധ്യപ്പെടുത്തി.

സ്വകാര്യ സംരംഭമായി കമ്യൂണിറ്റി റിസർവിൽ 10 തോണികൾ സർവീസുണ്ട്. ഇവയുടെ വിശദാംശങ്ങളും കലക്ടർ ചോദിച്ചറിഞ്ഞു. ചാലിയം കടലുണ്ടി ജങ്കാർ സർവീസും പരിശോധിച്ചു. ടൂറിസ്റ്റ് യാനങ്ങൾ കൃത്യമായ ഇടവേളകളിൽ പരിശോധിക്കാൻ തുറമുഖ അധികൃതർക്ക് കലക്ടർ നിർദേശം നൽകി.

ദുരന്ത നിവാരണ അതോറിറ്റി ഡപ്യൂട്ടി കലക്ടർ ഇ.അനിത കുമാരി, ഡപ്യൂട്ടി കലക്ടർ(എൽആർ) പി.പുരുഷോത്തമൻ, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ മുരളി മുണ്ടേങ്ങാട്ട്, കമ്യൂണിറ്റി റിസർവ് സെക്രട്ടറി ബി.കെ.പ്രവീൺ കുമാർ, തുറമുഖ ജീവനക്കാർ എന്നിവർ ഒപ്പമുണ്ടായിരുന്നു.

## വെള്ളായണി കാർഷിക കോളേജിൽ പുതിയ ലബോറട്ടറി

**തിരുവനന്തപുരം:** വെള്ളായണി കാർഷിക കോളേജിൽ ജൈവവള പരിശോധനയ്ക്കായി പുതിയ ലബോറട്ടറി.സർക്കാരിന്റെ നൂറ് ദിന പരിപാടികളുടെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് മണ്ണ് ശാസ്ത്ര വിഭാഗത്തിൽ സ്ഥാപിച്ച ജൈവവള ഗുണനിലവാര പരിശോധനാ റഫറൽ ലബോറട്ടറി കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു. ജൈവവള മേഖലയിലെ തട്ടിപ്പുകൾ തടയുന്നതിനും കർഷകരും ഗുണഭോക്താക്കളും വഞ്ചിതരാകാതിരിക്കാനും ഇത്തരം ലബോറട്ടറികളുടെ പ്രവർത്തനം സഹായകമാകുമെന്ന് മന്ത്രി പറഞ്ഞു. ജൈവ കാർഷിക മിഷൻ യാഥാർഥ്യമാകുമ്പോൾ ലബോറട്ടറികളുടെ സേവനം സാധരണക്കാർക്കും വ്യാപകമായി പ്രയോജനപ്പെടുമെന്നും മന്ത്രി കൂട്ടിചേർത്തു.

ജൈവവളങ്ങൾ പരിശോധിച്ച് അവയുടെ ഗുണനിലവാരം, മായം കലർത്തൽ എന്നിവ കണ്ടെത്തുന്നതിനും മണ്ണ്, ജലസേചനത്തിനുള്ള വെള്ളം ഇവ പരിശോധിച്ച് പോഷകമൂലകങ്ങൾ, മലിനീകരണ തോത് എന്നിവ നിർണയിക്കുന്നതിനുള്ള സംവിധാനങ്ങളും ലബോറട്ടറിയിൽ സജ്ജീകരിച്ചിട്ടുണ്ട്. കർഷകർക്കും ഉത്പാദകർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ലബോറട്ടറിയുടെ പ്രവർത്തനം പ്രയോജനകരമാകും. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടെ, 2.65 കോടി രൂപ ചെലവിലാണ് തേൻഗുണനിലവാര പരിശോധന കേന്ദ്രം നിർമിച്ചത്. തേനീച്ച കർഷകർ, സ്ഥാപനങ്ങൾ, വ്യവസായ സംഘടനകൾ എന്നിവർക്ക് ദേശീയ മാനദണ്ഡങ്ങൾ അനുസരിച്ച് തേനിന്റെ ഗുണനിലവാര പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി നൽകും.



# ടിഫാം വയനാട് പ്രവർത്തനം ആരംഭിച്ചു

**മാനന്തവാടി:** വയനാട് ആസ്ഥാനമായി പുതിയ കാർഷിക ഉൽപാദക കമ്പനി നിലവിൽ വന്നു. കേരളത്തിലെ കർഷക താൽപര്യ സംഘങ്ങൾ കൂടുതൽ ഓഹരി എടുത്തിട്ടുള്ള ടിഫാം വയനാട് പ്രൊഡ്യൂസർ കമ്പനിയുടെ ഉദ്ഘാടനം മന്ത്രി പി. പ്രസാദ് നിർവഹിച്ചു. വള്ളിയൂർക്കാവിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സംഘടിപ്പിച്ച സംസ്ഥാനതല പരിപാടിയിലായിരുന്നു ഉദ്ഘാടനം. പാഴായിപ്പോകുന്ന ചക്കയിൽ നിന്നു മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിനാണ് കമ്പനി നിലവിൽ വന്നത്.

സംസ്ഥാന കൃഷി വകുപ്പ് ആത്മ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച വാക്വം ഫ്രൈ യന്ത്രത്തിന്റെ ഉദ്ഘാടനവും, നെല്ലിക്കയും കാന്താരിയും ചേർത്ത് പുറത്തിറക്കിയ അംല 12 എന്ന പുതിയ ഉൽപന്നത്തിന്റെയും റോബസ്റ്റ, അറബി കാപ്പികൾ ബ്ലെൻഡ് ചെയ്ത് പുറത്തിറക്കിയ കോഫി 12 ബ്ലെൻഡഡ് ഫിൽട്ടർ കോഫിയുടെയും റോബസ്റ്റ ഫൈൻ കോഫിയുടെയും ലോഞ്ചിങ്ങും ഇതോടൊപ്പം നടത്തി. തേറ്റമല ആസ്ഥാനമായി 2020 മുതൽ കാർഷികമേഖലയിൽ പ്രവർത്തിച്ചുവരുന്ന കൂട്ടായ്മയാണ് എഫ്പിഒയായി രൂപീകൃതമായത്.

വിവിധ ജില്ലകളിലെ 11 കർഷക താൽപര്യ സംഘങ്ങളും 50 കർഷകരുമാണ് ടിഫാം വയനാടിൽ ഓഹരി ഉടമകളായുള്ളത്. ചക്ക, വാഴക്ക, കാപ്പി എന്നിവയിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളാണ് പ്രധാനമായും വിപണിയിലെത്തിക്കുന്നത്.

ചടങ്ങിൽ ഒ.ആർ. കേളു എംഎൽഎ അധ്യക്ഷത വഹിച്ചു. മാനന്തവാടി നഗരസഭ അധ്യക്ഷ സി.കെ. രത്നവല്ലി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി, എടവക പഞ്ചായത്ത് പ്രസിഡന്റ് എച്ച്.ബി. പ്രദീപ്, ജില്ലാ പ്രിൻസിപ്പൽ അഗ്രികൾചർ ഓഫിസർ കെ.എസ്. സഫീന, ആത്മ വയനാട് പ്രോജക്ട് ഡയറക്ടർ ലിസി ആന്റണി, അസി. അഗ്രികൾച്ചർ ഡയറക്ടർ എന്നിവർ സംബന്ധിച്ചു.

# കാർഷിക കുടിശിക നൽകാൻ അടിയന്തര നടപടി: മന്ത്രി

**മാനന്തവാടി:** ജില്ലയിൽ കർഷകർക്ക് വിവിധ പദ്ധതികളിലായി സർക്കാരിൽ നിന്നു ലഭിക്കേണ്ട കുടിശിക ഉടൻ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമെന്ന് മന്ത്രി പി. പ്രസാദ്. കടാശ്വാസ കമ്മിഷൻ തീർപ്പ് കൽപിച്ച കേസിൽ തുക ബാങ്കുകൾക്ക് കൈമാറി കർഷകർക്ക് വായ്പ അടയ്ക്കാനുള്ള അവസരം ഉണ്ടാക്കും. കടാശ്വാസ കമ്മിഷൻ അനുവദിച്ച തുക കുടിശികയാകാതെ കൈമാറുന്നതിന് തുടർ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു. സർക്കാർ സബ്സിഡി ലഭിക്കാത്തതിനാൽ സഹകരണ ബാങ്കുകൾ പലിശ രഹിത വായ്പയ്ക്ക് കർഷകരിൽ നിന്ന് പലിശ ഈടാക്കുന്ന വിഷയത്തിലും ഇടപെടൽ നടത്തും. സഹകരണ മന്ത്രിയുമായി ഇക്കാര്യം സംസാരിക്കും. വന്യമൃഗ ശല്യത്തിലും കൃഷി നശിച്ചവർക്കും ലഭിക്കേണ്ട നഷ്ടപരിഹാരം വൈകുന്നതിനും പരിഹാരം കാണും. കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കൂട്ടായ ഇടപെടലാണ് ആവശ്യം.അതുകൊണ്ട് തന്നെ വകുപ്പ് നോക്കാതെ കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെടും.ചൊവ്വാഴ്ച ജില്ലയിലെത്തിയ മന്ത്രി മന്ത്രി പി. പ്രസാദ് ഉദ്യോഗസ്ഥരുമായും ജനപ്രതിനിധികളുമായും ഈ വിഷയങ്ങൾ സംസാരിച്ചിരുന്നു.

# കരുതലും കൈത്താങ്ങും താലുക്ക്തല അദാലത്ത്; ഒരുക്കങ്ങൾ അവസാന ഘട്ടത്തിൽ



**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് മൂന്നാം നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി നടത്തുന്ന കരുതലും കൈത്താങ്ങും താലൂക്ക്തല അദാലത്തുകൾ ജില്ലയിൽ 15 മുതൽ ആരംഭിക്കും. ഇതുവരെ സ്വീകരിച്ച നടപടികൾ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെ അധ്യക്ഷതയിൽ വിലയിരുത്തി.താലൂക്കുകളിലും വിവിധ വകുപ്പുകളിലുമായി ലഭിച്ച അപേക്ഷകൾ സംബന്ധിച്ച നടപടികളുടെ പുരോഗതി യോഗത്തിൽ വിലയിരുത്തി. ലഭിച്ച അപേക്ഷകൾ മാനദണ്ഡങ്ങൾക്കനുസൃതമായി രണ്ടു ദിവസത്തിനകം പരിഹരിക്കണമെന്ന് കളക്ടർ നിർദേശിച്ചു. 2700 അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്.മെയ് 15 ന് കണയന്നൂർ താലൂക്കിലാണ് ആദ്യ അദാലത്ത്. എറണാകുളം ടൗൺഹാളിൽ നടക്കുന്ന അദാലത്തിൽ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്, കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് എന്നിവർ നേതൃത്വം നൽകും.പറവൂർ താലൂക്കിലെ അദാലത്ത് മെയ് 16ന് കേസരി ബാലകൃഷ്ണ പിള്ള മെമ്മോറിയൽ ടൗൺഹാളിലും ആലുവ താലൂക്ക് അദാലത്ത് 18ന് മഹാത്മാഗാന്ധി ടൗൺ ഹാളിലും കുന്നത്തുനാട് താലൂക്ക് അദാലത്ത് 22ന് പെരുമ്പാവൂർ ഇ.എം.എസ് മെമ്മോറിയൽ ടൗൺഹാളിലും നടക്കും. കൊച്ചി താലൂക്ക് അദാലത്ത് 23ന് മട്ടാഞ്ചേരി ടി.ഡി. സ്കൂളിലും മൂവാറ്റുപുഴ താലൂക്ക് അദാലത്ത് 25ന് മൂവാറ്റുപുഴ മുനിസിപ്പൽ ടൗൺഹാളിലും നടക്കും. ജില്ലയിലെ അവസാന അദാലത്ത് മെയ് 26ന് കോതമംഗലം താലൂക്കിലെ മാർത്തോമ ചെറിയ പള്ളി കൺവെൻഷൻ സെന്ററിലാണ്. എല്ലാ അദാലത്തിലും മന്ത്രിമാരായ പി. രാജീവും മന്ത്രി പി. പ്രസാദും പങ്കെടുക്കും. രാവിലെ 10 മുതലാണ് അദാലത്തുകൾ നടത്തുന്നത്.ഏഴുദിവസവും അദാലത്തുകളിൽ എല്ലാ ജില്ലാതല ഓഫീസർമാരും നിർബന്ധമായും പങ്കെടുക്കണമെന്ന് കളക്ടർ നിർദേശിച്ചു. അതത് താലൂക്കുകളിലെ പഞ്ചായത്ത് സെക്രട്ടറിമാർ, ഹെഡ് സർവേയർമാർ എന്നിവരും നിർബന്ധമായും പങ്കെടുക്കണം.ഭൂമി സംബന്ധമായ വിഷയങ്ങൾ (അതിർത്തി നിർണ്ണയം, അനധികൃത നിർമ്മാണം, ഭൂമി കയ്യേറ്റം), സർട്ടിഫിക്കറ്റുകൾ / ലൈസൻസുകൾ നൽകുന്നതിലെ കാലതാമസം/ നിരസിക്കൽ, തണ്ണീർത്തട സംരക്ഷണം, ക്ഷേമ പദ്ധതികൾ (വീട്, വസ്തുലൈഫ് പദ്ധതി, വിവാഹ/പഠന ധനസഹായം മുതലായവ), പ്രകൃതി ദുരന്തങ്ങൾക്കുള്ള നഷ്ടപരിഹാരം, സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക ലഭിക്കുക, പെൻഷൻ അനുവദിക്കുക, തെരുവ് നായ സംരക്ഷണം/ശല്യം, പരിസ്ഥിതി സംരക്ഷണം/മാലിന്യ സംസ്കരണം, അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുന്നത്, തെരുവുവിളക്കുകൾ, അതിർത്തി തർക്കങ്ങൾ, വഴിതടസ്സപ്പെടുത്തൽ, വയോജന സംരക്ഷണം, കെട്ടിട നിർമ്മാണ ഘട്ടങ്ങളുമായി ബന്ധപ്പെട്ടവ (കെട്ടിട നമ്പർ, നികുതി), റേഷൻകാർഡ് (എ.പി.എൽ, ബി.പി.എൽ ചികിത്സാ ആവശ്യങ്ങൾക്ക്) വന്യജീവി ആക്രമണങ്ങളിൽ നിന്നുള്ള സംരക്ഷണം/ നഷ്ടപരിഹാരം, വിവിധ സ്കോളർഷിപ്പുകൾ സംബന്ധിച്ചുള്ള പരാതികൾ/അപേക്ഷകൾ, വളർത്തുമൃഗങ്ങൾക്കുള്ള നഷ്ടപരിഹാരം/ സഹായം, കൃഷിനാശത്തിനുള്ള സഹായങ്ങൾ, കാർഷിക വിളകളുടെ സംഭരണവും വിതരണവും, വിള ഇൻഷുറൻസ്, ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ടവ, മത്സ്യ ബന്ധന തൊഴിലാളികളുമായി ബന്ധപ്പെട്ടവ, ആശുപത്രികളിലെ മരുന്ന് ക്ഷാമം, ശാരീരിക ബുദ്ധി, മാനസിക വൈകല്യമുള്ളവരുടെ പുനരധിവാസം, ധനസഹായം, പെൻഷൻ, വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ആനുകൂല്യങ്ങൾ, എൻഡോസൾഫാൻ ദുരിതബാധിതരുടെ വിഷയങ്ങൾ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ, വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതി തുടങ്ങിയ പരാതികളും അപേക്ഷകളുമാണ് അദാലത്തിൽ പരിഗണിക്കുന്നത്. ഏപ്രിൽ ഒന്നു മുതൽ 15 വരെ അപേക്ഷകൾ സ്വീകരിക്കുന്നതിന് സമയം നൽകിയിരുന്നു. അക്ഷയ കേന്ദ്രങ്ങൾ, താലൂക്ക് ഓഫീസുകൾ എന്നിവിടങ്ങളിലും ഓൺലൈനിലുമാണ് അപേക്ഷകൾ സ്വീകരിച്ചത്. ലഭിച്ച അപേക്ഷകളിൽ തരംതിരിച്ച് പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. ഇതുവരെ അപേക്ഷ സമർപ്പിക്കാൻ കഴിയാത്തവർക്ക് അദാലത്ത് ദിവസം നേരിട്ട് എത്തിയും അപേക്ഷിക്കാം. അദാലത്തിനോട് അനുബന്ധിച്ച് ലഭിച്ച അപേക്ഷകൾ അത് വകുപ്പുകളിലേക്ക് കൈമാറിയാണ് പരിഹാരം കാണുന്നത്. ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചാകും അദാലത്ത്.

## ന്യൂനപക്ഷങ്ങൾക്കു നേരെയുള്ള ആക്രമണം:

# ചെറുക്കാൻ കേന്ദ്രം നടപടിയെടുക്കണം: നാഷണൽ പ്രോഗ്രസീവ് പാർട്ടി




**കൊച്ചി:** രാജ്യത്തിന്റെ പലഭാഗത്തും ന്യൂനപക്ഷങ്ങൾക്കു നേരെ നടക്കുന്ന ആക്രമണം തടയാൻ കേന്ദ്രസർക്കാർ നടപടി സ്വീകരിക്കണമെന്ന് നാഷണൽ പ്രോഗ്രസീവ് പാർട്ടി ചെയർമാൻ വി.വി അഗസ്റ്റിൻ,വർക്കിംഗ് ചെയർമാൻ ജോണി നെല്ലൂർ എന്നിവർ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു.മണിപ്പൂരിലെ അക്രമങ്ങളും ക്രൈസ്തവ ആരാധനാലയങ്ങളും സ്ഥാപനങ്ങളും അടിച്ചുതകർത്തവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ മണിപ്പൂർ സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ന്യൂന പക്ഷങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ മണിപ്പൂർ സർക്കാരും കേന്ദ്രസർക്കാരും തയ്യാറകണമെന്നും ഇവർ ആവശ്യപ്പെട്ടു.മണിപ്പൂരിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകാനും തകർക്കപ്പെട്ട ആരാധനാലയങ്ങളും സ്ഥാപനങ്ങളും പുനർനിർമ്മിക്കാനും ആവശ്യമായ സാമ്പത്തിക സഹായം അടക്കമുള്ള നടപടികൾ സ്വീകരിക്കമെന്നും നേതാക്കൾ ആവശ്യപ്പെട്ടു.മധ്യപ്രദേശിൽ ക്രൈസ്തവരുടെ നേതൃത്വത്തിൽ നടക്കുന്ന അഗതിമന്ദിരത്തിൽ ആക്രമണം നടത്തുകയും വൈദികരെയും കന്യാസ്ത്രീകളെയും മർദ്ദിക്കുയും വിശുദ്ദ കുർബ്ബാനയെ അവഹേളിക്കുകയും ചെയ്ത നടപടി അംഗീകരിക്കാൻ കഴിയില്ല.മധ്യപ്രദേശ സർക്കാർ ഇടപെട്ട് അക്രമികളെ പിടികൂടണമെന്നും ഇവർ ആവശ്യപ്പെട്ടു. താനൂർ ബോട്ടപകടത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കുള്ള ധനസഹായത്തിനും പരിക്കേറ്റവരുടെ ചികിൽസയ്ക്കുള്ള പണവും ബോട്ടുടമയുടെ കൈയ്യിൽ നിന്നും ഈടാക്കണമെന്നും ബോട്ടിന് രജിസ്ട്രേൻ നൽകിയ ഉദ്യോഗസ്ഥനെയും കേസിൽ പ്രതിചേർക്കണമെന്നും എൻ.പി.പി നേതാക്കൾ ആവശ്യപ്പെട്ടു.എ.ഐ ക്യാമാറയുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങളും കെഫോൺ സ്ഥാപിക്കുന്നതുമായും ബന്ധപ്പെട്ട ആരോപണങ്ങളും സി.ബി.ഐയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും എൻ.പി.പി നേതാക്കൾ ആവശ്യപ്പെട്ടു.പാർട്ടി വൈസ് ചെയർമാന്മാരായ മാത്യു സ്റ്റീഫൻ,കെ.ഡി ലൂയീസ്,ജനറൽ സെക്രട്ടറിമാരായ തമ്പി എരുമേലിക്കര,സി.പി സുഗതൻ തുടങ്ങിയവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന് ഇന്ന് തുടക്കം

**കൊച്ചി:** സെലിബ്രേഷൻ ഓഫ് ഡൈവേഴ്സിറ്റി എന്ന ആശയം മുൻ നിർത്തി യുവധാര മാസിക സംഘടിപ്പിക്കുന്ന യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന് ഇന്ന് ഫോർട്ട് കൊച്ചിയിൽ തുടക്കമാകുമെന്ന് ഫെസ്റ്റിവൽ ഡയറക്ടർ ബെന്യാമിൻ,ചെയർമാൻ കെ.ജെ മാക്സി എം.എൽ.എ, ജനറൽ കൺവീനർ വി വസീഫ് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ഫെസ്റ്റിവലിന് തുടക്കം കുറിച്ചുകൊണ്ട് ഇന്ന് വൈകുന്നേരം നാലിന് സംഘാടക സമിതി ചെയർമാൻ കെ.ജെ മാക്സി എം.എൽ.എ പതാക ഉയർത്തും.ഫെസ്റ്റിവലിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന പുസ്തകോൽസവം മന്ത്രി അഡ്വ.പി.എ മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും.തുടർന്ന് സംഗീത നിശ അരങ്ങേറും.നാളെ വൈകിട്ട് ആറിന് മുഖ്യമന്ത്രി പിണറായി വിജയൻ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യും.നാളെ മുതൽ 14 വരെ മുന്നൂറോളം പാനലിസ്റ്റുകൾ പങ്കെടുക്കുന്ന വിവിധ സെഷനുകൾ ഫെസ്റ്റിവലിന്റെ ഭാഗമായി നടക്കും.ഇന്ത്യയ്ക്കകത്തും പുറത്തു നിന്നുമായി നിരവധി സാഹിത്യകാരന്മാർ,കലാപ്രതിഭകൾ,ദേശീയ,രാഷ്ട്രീയ നേതാക്കൾ,സിനിമ-നാടക പ്രവർത്തകർ,യുവപ്രതിഭകൾ തുടങ്ങിയവർ ഫെസ്റ്റിവലിന്റെ ഭാഗമാകും.എഴുത്തുകാരൻ ബെന്യാമിനാണ് ഫെസ്റ്റിവലിന്റെ ഡയറക്ടർ,എഴുത്തുകാരായ അരുന്ധതി റോയ്,ഗീതാഞ്ജലി ശ്രീ,ലക്ഷ്മൺ ഗെയ്ക് വാദ്,എൻ.എസ് മാധവൻ,സക്കറിയ,സച്ചിദാനന്ദൻ തുടങ്ങിയവരും പേരറിവാളൻ,അർപ്പുതം അമ്മാൾ തുടങ്ങിയവരും ഫെസ്റ്റിവലിൽ പങ്കെടുക്കും.14 ന് നടക്കുന്ന സമാപന സമ്മേളനം മന്ത്രി പി.രാജീവ് ഉദ്ഘാടനം ചെയ്യും.

# ''മാമ്പഴപ്പൂരം' പ്രദർശന വിപണന മേള

**കൊച്ചി** : കോട്ടുവള്ളി ഗ്രാമപഞ്ചായത്തും കൃഷിഭവനും കുടുംബശ്രീ സി. ഡി. എസും സംയുക്തമായി 'മാമ്പഴപ്പൂരം'' പ്രദർശന വിപണന മേള സംഘടിപ്പിക്കുന്നു.കോട്ടുവള്ളി ഗ്രാമ പഞ്ചായത്ത് ഓഫീസിന് സമീപം കടുവാങ്കുളത്ത് മെയ് 18, 19, 20 തിയതികളിൽ പരിപാടി നടക്കും.പരമ്പരാഗതമായി നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നതും , എന്നാൽ ഇന്ന് മൺമറയുന്നതുമായ നാട്ടു മാമ്പഴങ്ങളും , ഗവേഷണ സ്ഥാപനങ്ങൾ പുറത്തിറക്കിയ മാങ്ങകളുടെ പ്രദർശന വിപണനവും , വിവിധയിനം മാവിൻ തൈകളുടെ പ്രദർശനവും,മാങ്ങയുടെ വിവിധയിനം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രദർശന വിപണനവും മേളയിലുണ്ടാവും. മാവുമായി ബന്ധപ്പെട്ട ചർച്ചകൾ , സെമിനാറുകൾ , മാമ്പഴ പാചക മത്സരം , കുട്ടികൾക്കായി മാവിൻ തൈ ഉൽപ്പാദന പരിശീലന പരിപാടിയും മാമ്പഴപ്പൂരത്തിൽ സംഘടിപ്പിക്കുന്നുണ്ട് . പരിപാടിയുടെ ഭാഗമായി സംഘാടക സമിതി രൂപീകരിച്ചു. കോട്ടുവള്ളി പഞ്ചായത്ത് കൃഷിഭവനിൽ ചേർന്ന യോഗം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. എസ് ഷാജി ഉദ്ഘാടനംചെയ്തു.കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് പരിധിയിൽ ഏറ്റവും നന്നായി മാവ് പരിപാലനം നടത്തുന്ന കർഷകന് മാമ്പഴ ശ്രീമാൻ പുരസ്ക്കാരം,ഏറ്റവും നന്നായി മാമ്പഴവും , മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കുന്ന കുടുംബശ്രീക്ക് മാമ്പഴ ശ്രീമതി പുരസ്ക്കാരവും മേളയിൽ നൽകാൻ തീരുമാനിച്ചു. കൂടാതെ ബാലസഭാ കുട്ടികൾക്കായി മാമ്പഴ ചിത്രോത്സവം സംഘടിപ്പിക്കാനും സമിതിയിൽ തീരുമാനമായി.ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനിജ വിജു, ബ്ലോക്ക് പഞ്ചായത്തംഗം കമലാ സദാനന്ദൻ , സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ സെബാസ്റ്റ്യൻ തോമസ്, ഗ്രാമ പഞ്ചായത്തംഗങ്ങളായ സുമയ്യ ടീച്ചർ, ആശാ സിന്ധിൽ ,ബിന്ദു ജോർജ് , ഷീജാ ബാബു , ലതിനാ സലിം , ഷൈനി പൗലോസ് ,സി.ഡി. എസ് ചെയർ പേഴ്സൺ ബിന്ദു ഗോപാലകൃഷ്ണൻ , കാർഷിക വികസ സമിതി അംഗങ്ങളായ എൻ . സോമസുന്ദരം, പി. സി ബാബു, കെ. ജി രാജീവ്, എൻ. എസ് മനോജ്, രാജു ജോസഫ് വാഴുവേലിൽ , ഐഷാ സത്യൻ , രാധാമണി , ലാലു കൈതാരം ,കർഷക തൊഴിലാളികൾ, കൃഷി ഭവൻ ജീവനക്കാർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.മാമ്പഴപ്പൂരവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് 9847168656 എന്ന നമ്പറിൽ വിളിക്കുക.

# ലൂപ്പസ് ദിനാചരണം 14ന്

**കൊച്ചി:** കേരള ആർത്രൈറ്റിസ് ആന്റ് റൂമാറ്റിസം സൊസൈറ്റി, ലൂപ്പസ് ട്രസ്റ്റ്,ഡോക്ടർ ഷേണായിസ് കെയർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മെയ് 14 ന് ലൂപ്പസ് ദിനാചരണം സംഘടിപ്പിക്കും. എറണാകുളം,കലൂർ എം.ഇ.എസ് ഹാളിൽ രാവിലെ ഒമ്പതു മുതൽ ഉച്ചയ്ക്ക് ഒരു മണിയാണ് പരിപാടി നടക്കുന്നത്. ലൂപ്പസ് സംബന്ധിച്ച് സംശയങ്ങൾ, ആശങ്കകൾ, ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉൾപ്പെടെയുള്ളവ സംബന്ധിച്ച് വിദഗ്ദ ഡോക്ടർമാരുടെ ക്ലാസുകളും ഉണ്ടായിരിക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർ 8590144470 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യണമെന്ന് സംഘാടക സമിതി ഭാരവാഹികൾ അറിയിച്ചു.

# ഡോ.വന്ദനയുടെ കൊലപാതകം: അനുശോചന യോഗം സംഘടിപ്പിച്ച് കിംസ്ഹെൽത്ത്



**തിരുവനന്തപുരം:** കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡോ. വന്ദന ദാസ് കുത്തേറ്റ് മരണപ്പെട്ട സംഭവത്തിൽ അനുശോചന യോഗം സംഘടിപ്പിച്ച് കിംസ്ഹെൽത്ത്. ആരോഗ്യ മേഖലയെ ആകമാനം ഞെട്ടിപ്പിക്കുന്ന സംഭവമാണുായിരിക്കുന്നതെന്നും പ്രതിഷേധാർഹമാണെന്നും കുടുംബത്തിന്റെ ദുഃഖത്തിൽ പങ്കുചേരുന്നെന്നും കിംസ്ഹെൽത്ത് ചെയർമാൻ ആൻഡ് മാനേജിങ്ങ് ഡയറക്ടർ ഡോ. എം.ഐ സഹദുള്ള പറഞ്ഞു. രോഗികളെ സംശയത്തോടു കൂടി സമീപിക്കാൻ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവർക്ക് കഴിയില്ല, ഇത്തരം സംഭവങ്ങൾ സമൂഹത്തിന്റെ സുരക്ഷിതത്വത്തെത്തന്നെ ചോദ്യം ചെയ്യുന്നതാണ്. ഹോസ്പിറ്റൽ ആക്ട് കൃത്യമായി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. ക്രമസമാധാന പാലനത്തിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ സാനിധ്യത്തിൽ നടന്ന സംഭവം ഞെട്ടലോടെയാണ് കാണുന്നതെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.കിംസ്ഹെൽത്തിൽ നടന്ന അനുശോചന യോഗത്തിൽ ന്യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റുമാരായ ഡോ. സുരേഷ് ചന്ദ്രൻ സി.ജെ, ഡോ. ശ്യാംലാൽ .എസ് എന്നിവർ സംസാരിച്ചു. കിംസ്ഹെൽത്തിലെ ഡോക്ടർമാരും നഴ്സുമാരും മറ്റ് ജീവനക്കാരും യോഗത്തിൽ പങ്കെടുത്തു.

## കുഫോസിൽ കാമറമാൻ കം എഡിറ്റർ ഒഴിവ്

**കൊച്ചി** :കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) പ്രവർത്തിക്കുന്ന ഓഡിയോ വീഡിയോ സ്റ്റുഡിയോയിൽ ക്യാമറമാൻ കം എഡിറ്ററുടെ ഒഴിവ്. പ്രതിമാസ വേതനം 30,000 രൂപ. ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. ര് വർഷം വരെ തുടരാം. വീഡിയോ പ്രൊഡക്നിലോ വിഷ്വൽ കമ്മ്യൂണിക്കേഷനിലോ ബിരുദമോ ബിരുദാനന്തര ഡിപ്ളോമയോ നേടിയവർക്ക് അപേക്ഷിക്കാം. മൂവി കാമറയിലും നോൺ ലീനിയർ എഡിറ്റിങ്ങിലുമുള്ള പ്രാവീണ്യം പ്രായോഗിക പരീക്ഷയിൽ തെളിയിക്കണം. അവസാന തിയ്യതി മെയ് 22. അപേക്ഷാ ഫോമിനും കൂടുതൽ വിവരങ്ങൾക്കും കുഫോസ് വെബ് സൈറ്റ് (www.ku-fo-s.a-c.in ) സന്ദർശിക്കുക..

## കളക്ട്രേറ്റിലെ ഓഫീസുകൾക്ക് മാതൃകയായി ശുചിത്വ മിഷൻ

**കൊച്ചി:** ഹരിത മിത്രം ആപ്പിൽ രജിസ്റ്റർ ചെയ്ത് മാതൃകയായി ജില്ലാ ശുചിത്വ മിഷൻ ഓഫീസ്.ഹരിത മിത്രത്തിൽ രജിസ്റ്റർ ചെയ്യുന്ന കളക്ട്രേറ്റിലെ ആദ്യത്തെ ഓഫീസാണ് ശുചിത്വ മിഷൻ. ഹരിത മിത്രം ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ക്യൂ ആർ കോഡ് ഓഫീസിൽ ഒട്ടിച്ച് തൃക്കാക്കര നഗരസഭയിലാണ് രജിസ്റ്റർ ചെയ്തത്. ഓഫീസിലെ അജൈവ പാഴ് വസ്തുക്കളും യൂസർ ഫീസും ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ കെ കെ മനോജ് ഹരിത കർമസേനയ്ക്ക് കൈമാറി ശുചിത്വ മിഷന്റെ ഓഫീസിൽ ഉണ്ടാവുന്ന ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കും.മാലിന്യസംസ്കരണ മേഖലയിലെ ഓരോ പ്രവർത്തനവും അതാത് സമയങ്ങളിൽ ഡിജിറ്റൽ സംവിധാനത്തിലൂടെ സംസ്ഥാനതലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡ് തലം വരെ വിലയിരുത്തുന്നതിനായി കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെ ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, കില എന്നിവയുടെ സഹകരണത്തോടെ വികസിപ്പിച്ച ആപ്ലിക്കേഷനാണ് ഹരിത മിത്രം. വീടുകളിലെയും പൊതുസ്ഥലങ്ങളിലെയും നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സമയബന്ധിതമായും കുറ്റമറ്റതായും നടപ്പിലാക്കുക എന്നതാണ് പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ വകുപ്പ് ലക്ഷ്യമിടുന്നത്.

# ഡോ.വന്ദനയുടെ കൊലപാതകം സർക്കാരിനെതിരെ പ്രതിഷേധവുമായി മെഡിക്കൽ സംഘടനകൾ ; പന്തം കൊളുത്തി പ്രകടനം നടത്തി




ഡോ.വന്ദനയുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് മെഡിക്കൽ സംഘടനകളുടെ നേതൃത്വത്തിൽ ഡോക്ടർമാർ കൊച്ചിയിൽ നടത്തിയ പന്തം കൊളുത്തി പ്രകടനം.

**കൊച്ചി:** കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡ്യൂട്ടിക്കിടയിൽ ഡോക്ടർ വന്ദന ഹരിദാസ് അക്രമിയുടെ കുത്തേറ്റ് കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ച് ഡോക്ടർമാരുടെ നേതൃത്വത്തിൽ കൊച്ചിയിൽ പന്തംകൊളുത്തി പ്രകടനം.ഡോക്ടർമാർ അടക്കമുള്ള ആരോഗ്യപ്രവർത്തകർക്കും ആശുപത്രികൾക്കും സംരക്ഷണം നൽകാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഇന്നും സംസ്ഥാനത്ത് ഡോക്ടർമാർ ഒ.പി ബഹിഷ്കരിക്കുമെന്ന് ഐ.എം.എ വ്യക്തമാക്കി. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ എറണാകുളം ജില്ലാ ഘടകം,കെ.ജി.എം.ഒ.എ,ഐ.ഡി.എ,കെ.ജി.ഐ.എം.ഒ.എ,കെ.ജി.എം.സി.ടി.എ,കെ.ജി.എസ്.ഡി.എ ഉൾപ്പെടെ 32 ഓളം മെഡിക്കൽ സംഘടനകളുടെ നേതൃത്വത്തിലായിരുന്നു പന്തം കൊളുത്തി പ്രകടനം നടത്തിയത്. കലൂർ ഐ.എം.എ ഹൗസിനു മുന്നിൽ നിന്നും കലൂർ രാജ്യാന്തര സ്റ്റേഡിയം വരെ നടന്ന പ്രകടനത്തിൽ ആയിരത്തിൽ പരം ഡോക്ടർമാർ കത്തിച്ച പന്തങ്ങളും മെഴുകുതിരികളുമായി അണി നിരന്നു. രോഗികളുടെ ജീവൻ രക്ഷിക്കാൻ രാപ്പകൽ പാടുപെടുന്ന ഡോക്ടമാർ ജീവൻ ബലികഴിക്കേണ്ട സാഹചര്യമാണ് കേരളത്തിൽ നിലവിലുള്ളതെന്ന് കെ.ജി.എം.ഒ.എ മുൻ സംസ്ഥാന പ്രസിഡന്റും കൊച്ചിൻ ഐ.എം.എ ആക്ഷൻ കമ്മിറ്റി ചെയർമാനുമായ ഡോ.സണ്ണി പി. ഓരത്തേൽ പ്രതിഷേധ പ്രകടനം ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു.പോലിസ് നോക്കി നിൽക്കേയാണ് ആശുപത്രിയിൽ വെച്ച് അക്രമിയുടെ കുത്തേറ്റ് ഡോ.വന്ദന അതിദാരുണമായി കൊല്ലപ്പെടുന്നത്.ഡോക്ടർമാർക്കും ആശുപത്രികൾക്കുമെതിരെയുള്ള അക്രമം നിരന്തരമായി ഉണ്ടാകുന്നത് തടയാൻ അടിയന്തരമായി നിയമ നിർമ്മാണം നടത്തണമെന്ന് ഐ.എം.എ അടക്കമുള്ള മെഡിക്കൽ സംഘടനകൾ സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇതേ തുടർന്ന് തയ്യാറാക്കിയ രൂപ രേഖ ഇപ്പോഴും കോൾഡ്സ്റ്റോറേജിൽ വെച്ചതിന്റെ ഫലമാണ് ഡോ.വന്ദനയുടെ കൊലപാതകമെന്നും ഡോ.സണ്ണി പി.ഓരത്തേൽ പറഞ്ഞു.കേരളത്തിൽ മുഖ്യമന്ത്രിക്കും കുടുംബത്തിനും മാത്രമാണ് ഇന്ന് സുരക്ഷയുള്ളത്.ഇനിയും മറ്റൊരു വന്ദന ഉണ്ടാകാൻ അനുവദിക്കില്ല. മനസാക്ഷി ഉണർന്ന് പൊതുസമൂഹം ആകെ രംഗത്തു വരണം. സംഭവത്തിൽ പ്രതിഷേധിച്ച് ഐ.എം.എയുടെ നേതൃത്വത്തിൽ ഇന്നും ഒപി ബഹിഷ്കരിച്ച് ഡോക്ടർമാർ പണിമുടക്കും.അതേ സമയം ത്രീവപരിചരണ വിഭാഗത്തെയും ആശുപത്രിയിലെ കിടപ്പു രോഗികളെയും സമരം ബാധിക്കില്ലെന്നും ഡോ.സണ്ണി.പി ഓരത്തേൽ പറഞ്ഞു. ഡോ.എം.എൻ.മേനോൻ, ഡോ. സച്ചിദാനന്ദ കമ്മത്ത്, ഡോ. എ.വി.ബാബു, ഡോ. ശ്രീനിവാസ കമ്മത്ത്, ഡോ. വിൻസെന്റ്, ഡോ.സിബി, ഡോ.ജുനൈദ് റഹ്മാൻ, ഡോ. അതുൽ ജോസഫ് മാനുവൽ, ഡോ.എം.എം.ഹനീഷ്, ഡോ.മരിയ വർഗീസ്, ഡോ. വിനോദ് പത്മനാഭൻ, ഡോ. കാർത്തിക് ബാലചന്ദ്രൻ, ഡോ.അനിത തിലകൻ, ഡോ.ടി.വി.രവി തുടങ്ങിയവർ സമരത്തിന് നേതൃത്വം നൽകി.

# സംരംഭകർക്ക് പയറ്റിത്തെളിയാൻ ബി ടു ബി മീറ്റ്

**തൃശൂർ:** സ്വയം തൊഴിൽ സംരംഭകർക്ക് വില്പനാ സാധ്യതകൾ ഒരുക്കിയ ബിസിനസ് ടു ബിസിനസ് മീറ്റ് കച്ചവട അരങ്ങായി മാറി. സംസ്ഥാന സർക്കാരിന്റെ എന്റെ കേരളം പ്രദർശന മേളയിൽ സംരംഭകർക്ക് സ്വന്തം ഉത്പന്നങ്ങൾ നേരിട്ട് പരിചയപ്പെടുത്തി വിൽപന നടത്തുന്നതിനായി വ്യവസായ വകുപ്പ് ഒരുക്കിയ ബി ടു ബി മീറ്റ് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ എസ് കൃപകുമാർ ഉദ്ഘാടനം ചെയ്തു.വിവിധ മേഖലകളിൽ നിന്നായി അമ്പത് സംരംഭകരും മേളയിലെ വിപണന സ്റ്റാളുകളിലെ അറുപതിലധികം സംരംഭകരും സ്വന്തം ഉത്പന്നങ്ങൾ മീറ്റിൽ പരിചയപ്പെടുത്തി. മാർക്കറ്റിംഗിലെ പുതിയ ഡിജിറ്റൽ സാധ്യതകൾക്കപ്പുറം സംരംഭകർക്ക് സ്വയം തൊഴിൽ പരിപോഷിക്കുന്ന കാഴ്ചയായി ബി ടു ബി മീറ്റ് മാറി.മുരിങ്ങിയിലയിൽ നിന്ന് നിർമ്മിക്കുന്ന വ്യത്യസ്ത ഉത്പന്നങ്ങൾ, ഉള്ളിലേഹ്യം, പൂക്കുല ലേഹ്യം, ചിൽഡ് ചുക്കുകാപ്പി പൗഡർ തുടങ്ങി വ്യത്യസ്ഥമാർന്ന തനതായ ഉത്പന്നങ്ങളാണ് മീറ്റിൽ ശ്രദ്ധ നേടിയത്. ബിസിനസിലെ പുതിയ വഴികൾ പരിചയപ്പെടുമ്പോൾ സ്വയം തൊഴിൽ സംരംഭകർക്ക് വലിയ സാധ്യതകളാണ് എൻറെ കേരളം മേളയിലൂടെ തുറന്നു കിട്ടുന്നത്. സംരംഭക സാധ്യതകൾ വിദ്യാർത്ഥികളിൽ വളർത്തി എടുക്കേണ്ടതിന്റെ ആവശ്യകതയെപറ്റി മേളയിൽ ചർച്ച നടന്നു.സംരഭകത്വം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന അഭിപ്രായവും ഉയർന്നു വന്നു.ജില്ലാ വ്യവസായ കേന്ദ്രം ക്രെഡിറ്റ് മാനേജർ സജി എം അദ്ധ്യക്ഷത വഹിച്ചു. താലൂക്ക് വ്യവസായ ഓഫീസർ ഷിബു ഷൈൻ ബിസിനസ്സ് ടു ബിസിനസ്സ് മീറ്റിനെ കുറച്ച് വിശദമാക്കി. ജില്ലാ വ്യവസായ കേന്ദ്രം മാനേജർ സ്മിത, വ്യവസായ വാണിജ്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സിന് ട്രാൻസ് യൂണിയൻ സിബിൽ പുരസ്കാരം

**കൊച്ചി:** മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സിന് ഏറ്റവും മികച്ച ഡാറ്റാ ഗുണനിലവാരത്തിനുള്ള ട്രാൻസ് യൂണിയൻ സിബിൽ പുരസ്കാരം ലഭിച്ചു. 2022 ജൂൺ മുതൽ 2023 ഫെബ്രുവരി വരെയുള്ള കാലത്തെ തുടർച്ചയായ റിപ്പോർട്ടിങ്ങാണ് ഇതിനു പരിഗണിച്ചതെന്ന് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് മാനേജിങ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു. റിപ്പോർട്ടിങ്ങിന്റെ കാര്യത്തിൽ ഉയർന്ന നിലവാരവും ഡാറ്റാ ഗുണമേൻമയും നിലനിർത്തുന്നതിൽ മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സിനുള്ള പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമാണ് ഈ പുരസ്കാരം.രാജ്യത്തെ വിവിധ ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങളുടെ ഡാറ്റാ ഗുണനിലവാര സൂചികകൾ സമഗ്രമായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ പുരസ്കാരം. ഡാറ്റാ ഗുണനിലവാര സൂചികയുടെ ശരാശരി 98 എന്ന നിലയിൽ നിർത്തിയാണ് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ഇവിടെ കൃത്യമായ മേധാവിത്തം സ്ഥാപിച്ചത്. വ്യവസായ രംഗത്തെ ശരാശരി 97ൽ താഴെ മാത്രമാണ്.ട്രാൻസ് യൂണിയൻ സിബിലിൽ നിന്ന് ഈ അംഗീകാരം നേടുന്നതിൽ തങ്ങൾ ആവേശഭരിതരാണെന്നും പുരസ്കാരം സ്വീകരിച്ചുകൊണ്ട് മാത്യു മുത്തൂറ്റ് പറഞ്ഞു. കഠിനാധ്വാനത്തിലും ഡാറ്റ റിപ്പോർട്ടു ചെയ്യുന്നതിൽ അതീവ കൃത്യതയും വിശ്വാസ്യതയും പുലർത്തുന്നതിലും തങ്ങളുടെ ടീമിനുള്ള പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമാണ് ഈ പുരസ്കാരം. ഉത്തരവാദിത്തമുള്ള എൻബിഎഫ്സി എന്ന നിലയിൽ ഡാറ്റയുടെ കൃത്യതയ്ക്കും സുതാര്യതയ്ക്കും ഉള്ള പ്രാധാന്യം തങ്ങൾ മനസിലാക്കുന്നു എന്നും എല്ലാ പ്രവർത്തനങ്ങളിലും ഉയർന്ന നിലവാരം നിലനിർത്താൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഉപഭോക്താക്കൾക്ക് സാധ്യമായ ഏറ്റവും മികച്ച അനുഭവങ്ങൾ ലഭ്യമാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമാണ് ട്രാൻസ് യൂണിയൻ സിബിലിൽ നിന്നുള്ള ഈ പുരസ്ക്കാരമെന്നും അതു സ്വീകരിക്കാൻ തങ്ങൾക്ക് അഭിമാനമുണ്ടെന്നും മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് സിഇഒ പി. ഇ. മത്തായി പറഞ്ഞു. സുതാര്യതയും ഉയർന്ന നിലവാരവും നിലനിർത്തുന്നതിൽ തങ്ങൾക്കുള്ള പ്രതിബദ്ധതയാണ് ഈ പുരസ്കാരത്തിലൂടെ പ്രതിഫലിക്കുന്നത്. മു




ത്തൂറ്റ് മിനി ഫിനാൻസിയേഴ്സിൻറെ സേവനങ്ങൾ അനുഭവിക്കാനായി കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കാൻ തങ്ങൾക്കാകുമെന്ന് ആത്മവിശ്വാസമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഇന്ത്യയിലെ വിവിധ സാമ്പത്തിക സ്ഥാപനങ്ങൾക്ക് വായ്പയുമായി ബന്ധപ്പെട്ട സേ വനങ്ങൾ നൽകുന്ന മുൻനിര കമ്പനിയാണ് ട്രാൻസ് യൂണിയൻ സിബിൽ. ഡാറ്റാ ഗുണനിലവാര റിപ്പോർട്ടിങ്ങിൽ വളരെ മികച്ച പ്രകടനം കാഴ്ചവെക്കുന്ന കമ്പനികളെ അംഗീകരിക്കുന്ന സാമ്പത്തിക സേവന വ്യവസായത്തിലെ പുരസ്കാരങ്ങളിൽ ഒന്നാണ് മികച്ച ഡാറ്റാ ഗുണനിലവാര പുരസ്കാരം.തങ്ങളുടെ പ്രവർത്തനങ്ങളിൽ ഗുണനിലവാരവും കൃത്യതയും ഉയർന്ന തോതിൽ നിലനിർത്താനുള്ള മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സിൻറെ പ്രതിബദ്ധതയ്ക്കുള്ള അടയാളമാണ് ഈ പുരസ്കാരം. ഉപഭോക്താക്കളുടെ വൈവിധ്യമാർന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നവീനവും വിശ്വസനീയവുമായ സാമ്പത്തിക പരിഹാരങ്ങൾ നൽകുന്നത് തുടരാൻ കമ്പനി പ്രതിജ്ഞാബദ്ധരാണ്.മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സിന് കേരളം, തമിഴ്നാട്, കർണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഹരിയാന, മഹാരാഷ്ട്ര, ഗുജറാത്ത്, ഡൽഹി, യുപി, ഗോവ, പോണ്ടിച്ചേരി തുടങ്ങിയ ഇടങ്ങളിലായുള്ള 865ൽ പരം ശാഖകളുടെ ശൃംഖലയും നാലായിരത്തോളം ജീവനക്കാരുമാണുള്ളത്.

# എൻബിഎഫ്സി അവാർഡ് ഇൻഡെൽ മണിക്ക്

**കൊച്ചി:** മുംബൈ ഇൻഡെൽ കോർപ്പറേഷന്റെ സുപ്രധാന കമ്പനിയും സ്വർണ വായ്പ നൽകുന്ന ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനവുമായ ഇൻഡെൽ മണിക്ക് അതിവേഗം വളരുന്ന എൻബിഎഫ്സിക്കുള്ള ഈ വർഷത്തെ അവാർഡ് ലഭിച്ചു. മുംബൈയിൽ നടന്ന രണ്ടാമത് ബിഎഫ്എസ്ഐ ലീഡർഷിപ്പ് ഉച്ചകോടിയിൽ ഇൻഡെൽ മണി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ ഉമേഷ് മോഹനനും ബിസിനസ് ഹെഡും ഇവിപിയുമായ ജിജിത്രാജ് തെക്കയിലും ചേർന്ന് ഫിനാൻസ് ഇൻഡസ്ട്രി ഡവലപ്മെന്റ് കൗൺസിലിന്റെ ഡയറക്ടർ ജനറൽ മഹേഷ് ജി തക്കറിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി.മൂവായിരം കോടി രൂപയ്ക്കുള്ള വായ്പകൾ വിതരണം ചെയ്തുകൊണ്ട് 2022 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് വായ്പാ വിതരണത്തിൽ ഇൻഡെൽമണി 210 ശതമാനം വളർച്ച രേഖപ്പെടുത്തിയതായി കമ്പനി അധികൃതർ വ്യക്തമാക്കി. കമ്പനിയുടെ വായ്പാ പോർട്ഫോളിയോയിൽ 92 ശതമാനവും സ്വർണ പണയത്തിൻമേലുള്ള വായ്പയാണ്. ഇൻഡെൽ മണി കൈകാര്യം ചെയ്യുന്ന ആസ്തികൾ 2022-23 സാമ്പത്തിക വർഷം 72 ശതമാനം വളർന്ന് 1200 കോടി രൂപയിലെത്തിയിട്ടുണ്ട്. 2023 സാമ്പത്തിക വർഷം 31 കോടി രൂപയാണ് കമ്പനിയുടെ ലാഭം. 2022 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ലാഭം 6 മടങ്ങാണ് വർ



ധിച്ചത്. റേറ്റിംഗ് ഏജൻസിയായ ക്രിസിൽ ഈ വർഷം ഇൻഡെൽ മണിയുടെ റേറ്റിംഗ് ട്രിപ്പിൾ ബി പ്ലസ് സ്റ്റേബിൾ എന്ന നിലയിൽ ഉയർത്തിയിട്ടുണ്ട്. 2021- 22 സാമ്പത്തിക വർഷവും 202223 സാമ്പത്തിക വർഷവും പബ്ളിക് ഇഷ്യുവിലൂടെ മാറ്റാനാവാത്ത കടപ്പത്രങ്ങളും (എൻസിഡി) കമ്പനി പുറത്തിറക്കുകയും 169 ശതമാനം വരിക്കാരെ നേടുകയുമുണ്ടായി.അഭിമാനകരമായ ഈ ബഹുമതി നേടാൻ കഴിഞ്ഞതിൽ അനൽപമായ സന്തോഷമുണ്ടെന്നും ഉപഭോക്തക്കളെ കേന്ദ്രീകരിച്ച്, മികച്ച ഉൽപന്നങ്ങളും ഭാവനാ സമ്പത്തും ഉപയോഗിച്ച് പുതിയ വിപണികളിൽ ഇടപെടാനാണ് ശ്രമിച്ചതെന്നും ഇൻഡെൽമണി എക്സിക്യൂട്ടീവ് ഡയറക്ടറും സിഇഒയുമായ ഉമേഷ് മോഹനൻ പറഞ്ഞു. ഇടപാടുകാരുടെ താൽപര്യം സംരക്ഷിച്ചുകൊണ്ടുള്ള ദീർഘകാല വായ്പകൾ ആവേശകരമായ പ്രതികരണമുയർത്തുന്നതായും അദ്ദേഹം പറഞ്ഞു. ജനങ്ങൾ ഏറ്റവുമിഷ്ടപ്പെടുന്ന സ്വർണവായ്പാ എൻബിഎഫ്സി എന്ന നിലയിലുള്ള മുന്നേറ്റത്തിന് തുടർന്നും പ്രചോദനമാകും ബഹുമതിയെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ഇൻഡെൽ മണിക്ക് ഇപ്പോൾ കേരളം, തമിഴ്നാട്, കർണാടക, തെലങ്കാന, ആന്ധ്രപ്രദേശ്, ഒഡീഷ, മഹാരാഷ്ട്ര , എന്നിവിടങ്ങളിലായി 253 ശാഖകളുണ്ട്. 202324 സാമ്പത്തിക വർഷം മധ്യപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ, പശ്ചിമ ബങ്കാൾ എന്നിവിടങ്ങളിലായി 105 ശാഖകൾ കൂടി തുറക്കും. മൂന്നാമത്തെ മാറ്റാനാകാത്ത എൻസിഡി പബ്ളിക് ഇഷ്യു ഈ മാസം തന്നെ ഇറക്കാനും പദ്ധതിയുണ്ട്.

# എഐഎം ഗ്ലോബൽ 2023: കേരളത്തിന്റെ നിക്ഷേപ സാധ്യതകൾ പ്രദർശിപ്പിച്ചു




അബുദാബി: അബുദാബിയിൽ മേയ് 8 മുതൽ 10 വരെ നടന്ന എഐഎം ഗ്ലോബൽ 2023ൽ കേരളത്തിന് പുതു പ്രതീക്ഷ. കേരളത്തിലെ മുതിർന്ന് ഉദ്യോഗസ്ഥരും, വ്യവസായ രംഗത്തെ പ്രമുഖരും പങ്കെടുത്ത മീറ്റിൽ വിവിധ അറബ് രാജ്യങ്ങളിൽ നിന്നും കേരളത്തിലേക്കുള്ള നിക്ഷേപങ്ങൾക്കുള്ള സാധ്യതകൾ വർദ്ധിച്ചു. അഗ്രോ, ഗ്രീൻ എനർജി, ടൂറിസം, മാനുഫാക്ചറിംഗ്, റിസർച്ച് ആൻഡ് ഡെവലപ്മെന്റ്, പുതുസംരംഭങ്ങൾ എന്നിവയിലാണ് മീറ്റിൽ കേരളം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്.ആനുവൽ ഇൻവെസ്റ്റ്മെന്റ് മീറ്റിംഗിലെ കേരള പവലിയനിൽ വെച്ച് കേരള സർക്കാർ സംഘടിപ്പിച്ച കേരളത്തിലെ വ്യവസായ രംഗത്ത് വിദേശ കമ്പനികൾക്ക് നിക്ഷേപം നടത്താനുള്ള സാധ്യതകളെക്കുറിച്ച് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫ് അലി സംസാരിച്ചു. നോർക്ക വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല ഐഎഎസ്, ടൂറിസം സെക്രട്ടറി ബി. ശ്രീനിവാസ് ഐഎഎസ്, ഐടി സെക്രട്ടറി വി ഖേൽക്കർ ഐഎഎസ്, ലുലു ഫിനാഷ്യൽ ഹോൾഡിംസ് എം ഡി അദീബ് അഹമ്മദ് തുടങ്ങിയവും പങ്കെടുത്തു. കേരളം കാലഘട്ടത്തിനുള്ള ആവശ്യാനുസരണം നിക്ഷേപ സൗഹൃദപരമായ സംസ്ഥാനമാണെന്നും അത് കൊണ്ട് തന്നെ കേരളത്തിൽ കൂടുതൽ നിക്ഷേപങ്ങൾ കടന്ന് വരുമെന്നും മൂന്ന് ദിവസം നീണ്ട് നിന്ന മീറ്റിൽ മുഴുവൻ സമയവും പങ്കെടുത്ത യുവ ഇന്ത്യൻ സംരംഭകരനും, ലുലു ഫിനാഷ്യൽ ഹോൾഡിംഗ്സ് എംഡിയുമായ അദീബ് അഹമ്മദ് പറഞ്ഞു.ഇന്ത്യയിലും, യുഎഇയിലും സാമ്പത്തിക മേഖലയിൽ നിക്ഷേപം ഉള്ള സംരംഭകരനാണ് അദീബ് അഹമ്മദ്. ഇന്ത്യയും യുഎഇയും തമ്മിൽ വ്യാവസായിക, സാമൂഹിക, സാംസ്കാരിക രംഗത്ത് വർഷങ്ങളായി നല്ല ബന്ധം പുലർത്തുന്നവരാണ്. കൂടാതെ യുഎഇയിൽ നിന്നുള്ള പ്രമുഖകരുടെ നിക്ഷേപ കേന്ദ്രവുമായി മാറാൻ കേരളത്തിന് കഴിഞ്ഞു. കേരളത്തിലെ വ്യവസായിക മേഖലയിൽ മികച്ച അവസരമാണ് ലഭിക്കുന്നതെന്നും, യുഎഇയിലെ വിദേശ നിക്ഷേപകർക്ക് കേരളത്തിൽ കൂടുതൽ നിക്ഷേപ സാധ്യതയാണ് നിലനിൽക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. ഫുഡ് പ്രോസസിംഗ്, ഗ്രീൻ എനർജി, ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി, തുടങ്ങിയവയിലാണ് കേരളത്തിന് കൂടുതൽ സാധ്യതയെന്നും ഈ രംഗങ്ങളിൽ വിജയിച്ച അദീബ് അഹമ്മദ് വ്യക്തമാക്കി.സെപ രൂപീകരിച്ച് ഒരു വർഷം തികയുന്നതിന് മുൻപ് തന്നെ ഇന്ത്യയും, യുഎഇയും തമ്മിൽ ബിസിനസ് രംഗത്ത് മികച്ച നേട്ടം കൊയ്യാനായെന്ന് എ ഐ എം ഗ്ലോബൽ 2023 നോട് അനുബന്ധിച്ച് ഇന്ത്യൻ പവിലയിൽ നടന്ന ഇന്ത്യ യുഎഇ സമഗ്ര സാമ്പത്തിക പങ്കാളിത്ത ഉടമ്പടി ( സെപ) പ്രാബല്യത്തിൽ വന്നതിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായുള്ള പാനൽ ചർച്ചയിൽ പങ്കെടുത്ത് കൊണ്ട് അദീബ് അഹമ്മദ് പറഞ്ഞു. 170 രാജ്യങ്ങളിൽ നിന്നുള്ള വ്യവസായ പ്രമുഖർ, നിക്ഷേപകർ, ഭരണ കർത്താക്കൾ, ഉദ്യോഗസ്ഥ പ്രമുഖകർ ഉൾപ്പെടെയുള്ളവരാണ് അബുബാദിയിൽ വെച്ച് നടന്ന് എഐഎം ഗ്ലോബൽ 2023 ൽ പങ്കെടുത്തത്.

# സി.എം.എഫ്.ആർ.ഐയിൽ പെൻഷൻ അദാലത്ത് മെയ്17ന്

**കൊച്ചി:** പെൻഷൻ സംബന്ധമായ പരാതികൾ തീർപ്പാക്കുന്നതിന് ഈ മാസം 17ന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) പെൻഷൻ അദാലത്ത് സംഘടിപ്പിക്കും. രാവിലെ 11ന് ഓൺലൈൻ മുഖേനയാണ് അദാലത്ത്. പെൻഷൻ സംബന്ധമായ പരാതികൾ റിട്ടയർമെന്റ് വിവരങ്ങൾ സഹിതം pensioncmfri@gmail.com എന്ന വിലാസത്തിലേക്ക് 15ന് മുമ്പായി ഇമെയിൽ ചെയ്യണം. അദാലത്തിൽ പങ്കെടുക്കുന്നതിനുള്ള വീഡിയോ കോൺഫറൻസിന്റെ വിശദാംശങ്ങൾ പെൻഷനുടമകൾ സമർപ്പിക്കുന്ന ഇമെയിലിലേക്ക് പ്രത്യേകമായി അയക്കും. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക (www.cmfri.org.in)

# ചെറുധാന്യങ്ങളുടെ മൂല്യശൃംഖല ശക്തിപ്പെടുത്തൽ: ദ്വിദിന സമ്മേളനം മെയ് 12,13 തീയതികളിൽ




**കൊച്ചി:** ചെറുധാന്യങ്ങളുടെ (മില്ലെറ്റ്) മൂല്യ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ ചർച്ച ചെയ്യുന്നതിന് അസോസിയേറ്റഡ് ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (അസോചം) സംഘടിപ്പിക്കുന്ന ദ്വിദിന സമ്മേളനം 'മില്ലെറ്റ് ഉത്സവം' മേയ് 12,13 തീയതികളിൽ ഗോകുലം പാർക്ക് കൺവെൻഷൻ സെന്ററിൽ നടക്കുമെന്ന് അസോചം കേരള ചെയർമാൻ രാജാ സേതുനാഥ്, അസോചം റീജ്യണൽ ഡയറക്ടർ ഉമ നായർ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.കേരള സ്റ്റേറ്റ് ഡെവലപ്മന്റ് കൗൺസിൽ, കേന്ദ്രസംസ്ഥാന ഭക്ഷ്യ സംസ്കരണ മന്ത്രാലയങ്ങൾ, നബാർഡ് എന്നിവയുടെ സഹകരണത്തോടെയാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. ഗ്രാൻഡ് തോൺടൺ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലെറ്റ്സ് റിസേർച്ച് (ഐഐഎംആർ), ന്യൂട്രിഹബ് എന്നിവയാണ് മില്ലെറ്റ് ഉത്സവത്തിന്റെ വിജ്ഞാന പങ്കാളികൾ. സമ്മേളനത്തിന്റെ ഭാഗമായി എക്സിബിഷൻ, ഫുഡ് ഡെമോ, ബി2ബി, ബി2സി യോഗങ്ങൾ എന്നിവയും നടക്കും.സമ്മേളനത്തിന്റെ ഭാഗമായുള്ള എക്സിബിഷനിൽ മില്ലെറ്റ് ഉത്പാദക സംഘടനകളുടെ സ്റ്റാളുകൾ, മില്ലെറ്റ് ഉപയോഗിച്ചുള്ള പാചക ഡെമോ എന്നിവയുണ്ടാകും. ഇതിന് പുറമേ വിൽപനക്കാരും ഉപഭോക്താക്കളും തമ്മിലുള്ള കൂടിക്കാഴ്ചകൾക്കും സമ്മേളനം വേദിയാകും. രണ്ട് ദിവസവും രാവിലെ 11 മുതൽ വൈകീട്ട് 6 വരെ പൊതുജനങ്ങൾക്ക് പ്രദർശനത്തിലേക്ക് സൗജന്യ പ്രവേശനമുണ്ടാകും.12ന് രാവിലെ 10.30ന് മന്ത്രിമാരായ എം.ബി. രാജേഷ്, പി. പ്രസാദ് എന്നിവർ ചേർന്ന് സമ്മേളനം ഉദ്ഘാടനം ചെയ്യും,അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മിഷണറും പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. ബി. അശോക്, കേന്ദ്ര ഭക്ഷ്യസംസ്കരണ വകുപ്പ് സെക്രട്ടറി അനിത പ്രവീൺ, സിഎസ്ഐആർ എൻഐഐഎസ്ടി ഡയറക്ടർ ഡോ. സി. അനന്തരാമകൃഷ്ണൻ, കുടുംബശ്രീ മിഷൻ എക്സിക്യുട്ടിവ് ഡയറക്ടർ ജാഫർ മലിക്, നബാർഡ് കേരള ചീഫ് ജനറൽ മാനേജർ ഡോ. ഗോപകുമാരൻ നായർ ജി, ഗ്രാൻഡ് തോൺടൺ ഭാരത് പാർട്ണർ പ്രൊഫ. വി. പത്മാനന്ദ്, അസോചം കേരള ചെയർമാൻ രാജാ സേതുനാഥ്, അസോചം റീജിയണൽ ഡയറക്ടർ ഉമ നായർ തുടങ്ങിയവർ ഉദ്ഘാടനച്ചടങ്ങിൽ സംസാരിക്കും.സംസ്ഥാനത്ത് ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം ഉൾപ്പെടെ ആവശ്യമായ വ്യാവസായിക അന്തരീക്ഷം ഒരുക്കുന്നതിനെക്കുറിച്ച് തുടർന്ന് പാനൽ ചർച്ച നടക്കും. റെറ ചെയർമാൻ പി.എച്ച്. കുര്യന്റെ അധ്യക്ഷതയിൽ നടക്കുന്ന ചർച്ചയിൽ സംസ്ഥാന കാർഷിക വികസന, കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അഞ്ജു കെ.എസ്, സിഎസ്ഐആർ എൻഐഐഎസ്ടി ഡയറക്ടർ ഡോ. സി. അനന്തരാമകൃഷ്ണൻ, റവന്യു വകുപ്പ് കമ്മിഷണർ ബിജു, ഗ്രാമീണ വികസന വകുപ്പ് കമ്മിഷണർ എം.ജി. രാജമാണിക്യം, ടാറ്റ കൺസ്യൂമർ സോൾഫുൾ മാനേജിംഗ് ഡയറക്ടർ പ്രശാന്ത് പരമേശ്വരൻ എന്നിവർ പങ്കെടുക്കും.ചെറുധാന്യങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിനും വിളവ് വർധിപ്പിക്കുന്നതിനും സംസ്ഥാനത്ത് ഇവയുടെ ഉപഭോഗം വർധിപ്പിക്കുന്നതിനുമുള്ള മാർഗങ്ങൾ ആരായുന്നതിനെക്കുറിച്ചുള്ള ചർച്ചകളും ആദ്യദിനം നടക്കും. വിവിധ സംസ്ഥാനങ്ങളിലെ മില്ലെറ്റ് കൃഷി രീതികൾ, കർഷക കൂട്ടായ്മകളിലൂടെ മില്ലെറ്റുകളുടെ മൂല്യശൃംഖല ശക്തിപ്പെടുത്തൽ, മൂല്യവർധനവിലൂടെ ആവശ്യകത വർധിപ്പിക്കുക, ഈ രംഗത്തെ സ്റ്റാർട്ടപ്പുകളുടെ ഇൻക്യുബേഷൻ തുടങ്ങിയ വിഷയങ്ങൾ രണ്ടാം ദിവസം ചർച്ചയാകും. സമാപനചടങ്ങിൽ വ്യവസായമന്ത്രി പി. രാജീവ് വിശിഷ്ടാതിഥിയാകും. ഹൈബി ഈഡൻ എംപി, തൃശൂർ ജില്ലാ കളക്ടർ കൃഷ്ണ തേജ തുടങ്ങിയവർപങ്കെടുക്കുമെന്നും അസോചം ഭാരവാഹികൾ അറിയിച്ചു.

# അധ്യാപക പരിശീലനം ആരംഭിച്ചു

**തൃശൂർ:** ജില്ലയിൽ അവധിക്കാല ഹൈസ്കൂൾ അധ്യാപക ശാക്തീകരണത്തിന് തുടക്കമായി. പരിശീലനങ്ങളുടെ ജില്ലാ തല ഉദ്ഘാടനം പീച്ചി ദർശന പാസ്റ്ററൽ സെന്ററിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ ഡേവീസ് മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ആദ്യ ഘട്ടത്തിൽ നടക്കുന്ന മേഖലാ തല റിസോഴ്സ് ഗ്രൂപ്പിന്റെ പരിശീലനത്തിൽ തൃശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ നിന്നായി 300 ഓളം അധ്യാപകർക്കാണ് പരിശീലനം നൽകുന്നത്. ഗണിതം, മലയാളം, ഭൗതിക ശാസ്ത്രം, കായിക വിദ്യാഭ്യാസം എന്നീ വിഷയങ്ങളിലാണ് പരിശീലനം.അധ്യാപക സംഗമത്തിന്റെ അടുത്ത ഘട്ടത്തിൽ ജില്ലയിലെ മൂവായിരത്തോളം വരുന്ന മുഴുവൻ ഹൈസ്കൂൾ അധ്യാപകർക്ക് നാല് ദിവസങ്ങളിലായി പരിശീലനം നൽകും. മെയ് 15 മുതൽ 25 വരെയുള്ള തിയതികളിൽ ജില്ലയിലെ 40 കേന്ദ്രങ്ങളിലായി ബി ആർ സി കളുടെ നേതൃത്വത്തിലാകും പരിശീലനം.പാണഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.കെ രവീന്ദ്രൻ അധ്യക്ഷനായ ചടങ്ങിൽ സമഗ്ര ശിക്ഷ കേരളം ജില്ലാ പ്രോഗ്രാം ഓഫീസർ ഇ. ശശിധരൻ , വിദ്യാഭ്യാസ ഉപഡയറക്ടർ കെ.സ് ഷാജി, ഡയറ്റ് പ്രിൻസിപ്പൽ ഡോ. ഡി . ശ്രീജ, ബി.പി സി കെ.എസ് സിന്ധു , എസ് ആർ ജി അംഗങ്ങളായ ഷാജി, ഉബൈദ് തുടങ്ങിയവർ സംസാരിച്ചു.ജില്ലാ പ്രൊജക്ട് കോഓർഡിനേറ്റർ ഡോ എൻ.ജെ ബിനോയ് പദ്ധതി വിശദീകരിച്ചു.

# റെസ്റ്റോറന്റ് മേഖലയെ ഉൽപ്പാദന മേഖലയായി പരിഗണിക്കണം : കെ.എച്ച്.ആർ.എ



**കൊച്ചി:** റെസ്റ്റോറന്റ് മേഖലയെ ഉൽപ്പാദന മേഖലയായി പരിഗണിച്ച് എം.എസ്.എം.ഇയിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷൻ ഭാരവാഹികൾ കേന്ദ്ര എം.എസ്.എം.ഇ. മന്ത്രി നാരായണ റാണയുമായി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. റെസ്റ്റോറന്റുകളിലെ അടുക്കളയിൽ വിവിധ ഭക്ഷണ ഉൽപ്പന്നങ്ങളുടെ ഉൽപാദനം നടക്കുന്നതിനാൽ ഹോട്ടൽ മേഖലക്ക് ഉൽപാദനമേഖലയ്ക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുവാൻ അർഹതയുണ്ട്. കൊവിഡാനന്തരം ആത്മനിർഭർ ഭാരത് പദ്ധതിപ്രകാരം എം.എസ്.എം.ഇയിലെ ഉൽപാദനമേഖലയേയും, സേവന മേഖലയേയും ഒന്നായി പരിഗണിക്കുമെന്ന് കേന്ദ്രസർക്കാർ നിയമഭേദഗതി ചെയ്തുവെങ്കിലും ഹോട്ടൽ മേഖലക്ക് യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല. ഹോട്ടൽ മേഖലയേയും ഉൽപാദനമേഖലയായി പരിഗണിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ചർച്ചയിൽ ഉന്നയിച്ചതായി അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു. സംഘടന ഉന്നയിച്ച ആവശ്യങ്ങൾക്ക് അനുകൂലമായ തീരുമാനമെടുക്കുന്നതാണെന്ന് മന്ത്രി ഉറപ്പ് നൽകിയതായും ഭാരവാഹികൾ അറിയിച്ചു. സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ, ജനറൽ സെക്രട്ടറി കെ. പി. ബാലകൃഷ്ണപൊതുവാൾ, ട്രഷറർ എൻ. അബ്ദുൾ റസാഖ്, ബർസാത് വോക്കൽ ഫോർ ലോക്കൽ എന്റർപ്രണേഴ്സ് ഫോറം ചെയർപേഴ്സൺ സി. വി. സജിനി എന്നിവരാണ് കേന്ദ്രമന്ത്രിയുമായി നടത്തിയ ചർച്ചയിൽ പങ്കെടുത്തത്.

